Bringing You Closer to God
LANDWAY

RNI-KERBIL/2015/62054

LANDWAY NEWS
# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com email: landwaynews@gmail.com

10 APRIL 2016

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 4 • Pages 8 • Price: Rs. 10/-

## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ തിരഞ്ഞെടുക്കപ്പെട്ടു

**ഷാജൻ ജോൺ ഇടയ്ക്കാട്**

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടായി പാസ്റ്റർ ടി.ജെ സാമൂവലും സെക്രട്ടറിയായി പാസ്റ്റർ തോമസ് ഫിലിപ്പും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ പി.എസ് ഫിലിപ്പ് വീണ്ടും അസിസ്റ്റെന്റ് സൂപ്രണ്ടായി. പാസ്റ്റർ എ. രാജൻ ട്രഷററായും പാസ്റ്റർ എം.എ ഫിലിപ്പ് കമ്മറ്റി അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. അസംബ്ലീസ് ഓഫ് ഗോഡ് ദേശീയ ജനറൽ സെക്രട്ടറിയായി 1996 മുതൽ പ്രവർത്തിച്ചുവരുന്ന പാസ്റ്റർ ടി.ജെ സാമൂവൽ നേരത്തെ സൗത്ത് ഇൻഡ്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. 17-ാംമത് വർഷമാണ് സഭയുടെ സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെടുന്നത്. ഇതോടുകൂടി ഏറ്റവും കൂടുതൽ കാലം സഭാ സൂപ്രണ്ടായി പ്രവർത്തിക്കാനുള്ള അവസരമാണ് പാസ്റ്റർ ടി.ജെ സാമൂവലിനു ലഭിച്ചത്. നേരത്തെ 1950 മുതൽ 1966 വരെ 16 വർഷം പാസ്റ്റർ എ.സി. സാമൂവൽ സൂപ്രണ്ടായി പ്രവർത്തിച്ച ചരിത്രമുണ്ട്. സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസ് ഫിലിപ്പ് നേരത്തെ സഭാ സംസ്ഥാന കൗൺസിൽ അംഗം, ഉത്തര മേഖല ഡയറക്ടർ, സെക്ഷൻ പ്രസ്ബിറ്റർ എന്നീ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോൾ പുനലൂർ ടൗൺ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ പാസ്റ്റർ ആയി പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ പി.എസ് ഫിലിപ്പ് നേരത്തെ സഭാസൂപ്രണ്ട്, സൗത്ത് ഇൻഡ്യ അസംബ്ലീസ് ഓഫ് ഗോഡ് അസിസ്റ്റെന്റ് സൂപ്രണ്ട്, ജനറൽ സെക്രട്ടറി,


പാസ്റ്റർ ടി.ജെ.സാമുവേൽ


പാസ്റ്റർ പി.എസ്.ഫിലിപ്പ്


പാസ്റ്റർ തോമസ് ഫിലിപ്പ്


പാസ്റ്റർ എ.രാജൻ


പാസ്റ്റർ എം.എ.ഫിലിപ്പ്

ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പൽ എന്നീ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോൾ അസംബ്ലീസ് ഓഫ് ഗോഡ് ദേശീയ സമിതിയിൽ സൗത്ത് ഇൻഡ്യാ അസംബ്ലീസ് ഓഫ് ഗോഡ് പ്രതിനിധിയാണ്. ട്രഷറാർ പാസ്റ്റർ എ, രാജൻ കമ്മറ്റി അംഗം, പാസ്റ്റർ എം. എ ഫിലിപ്പ് എന്നിവർ കമ്മറ്റിയിൽ പുതുമുഖങ്ങളാണ്. തിരുവനന്തപുരം പനയറക്കുന്ന് ഗ്രേയ്സ് എ.ജി ചർച്ചിന്റെ പാസ്റ്ററായി കാൽ നൂറ്റാണ്ട് പൂർത്തീകരിക്കുന്ന സമയത്ത് ലഭിച്ച അപൂർവ്വ സമ്മാനമാണ് പാസ്റ്റർ എ. രാജന് ഈ പദവി. പതിനഞ്ച് വർഷം പ്രസ്ബിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. ബഥേൽ ബൈബിൾ കോളേജിലെ പഠനാനന്തരം കുറ്റിച്ചൽ നാലുമാസവും ചുള്ളിമാനൂർ സഭയിൽ നാല് വർഷത്തോളവും പ്രവർത്തിച്ചു. എറണാകുളം ഇടക്കൊച്ചി എ.ജി സഭയുടെ പാസ്റ്ററായിരിക്കുന്ന പാസ്റ്റർ. എം.എ ഫിലിപ്പ് നിലവിൽ തൃശ്ശൂർ, എറണാകുളം, ഇടുക്കി ജില്ലകൾ ഉൾപ്പെടുന്ന ഉത്തമേഖലയുടെ ഡയറക്ടറാണ്. നേരത്തെ കോട്ടയം സെക്ഷൻ പ്രസ്ബിറ്റായി പ്രവർത്തിച്ചിട്ടുണ്ട്. വിവിധ പ്രാദേശീക സഭകളിൽ ശുശ്രൂഷകനായിരുന്നിട്ടുള്ള പാസ്റ്റർ എം.എ ഫിലിപ്പ് ബഥേൽ ബൈബിൾ കോളേജിൽ വേദപഠനം പൂർത്തീകരിച്ചു.

## 18 ദിവസം പ്രായമുള്ള കുട്ടിയെ വിറ്റു

ബെയിംഗ്: ഐ ഫോൺ വാങ്ങുന്നതിന് 18 ദിവസം മാത്രം പ്രായമുള്ള മകളെ അച്ഛൻ ഓൺലൈനിൽ വിറ്റു. 23,000 യുവാൻ വിലയീടാക്കിയാണ് കുഞ്ഞിനെ വിറ്റത്. ഐ ഫോണും മോട്ടോർ ബൈക്കും വാങ്ങുകയായിരുന്നു ഉദ്ദേശ്യം. ചൈനയിലെ ഫുജിയൻ പ്രവിശ്യയിലാണ് സംഭവം. കുഞ്ഞിന്റെ മാതാവ് പാർട്ട് ടൈം ജോലിക്കു പോയാണ് കുടുംബം നോക്കിയിരുന്നത്. പിതാവ് കൂടുതൽ സമയവും ഇന്റർനെറ്റ് കഫേകളിലാണ് ചിലവഴിച്ചിരുന്നത്.

പേരു വെളിപ്പെടുത്താത്ത ഒരാൾ തന്റെ സഹോദരിക്കായിട്ടാണ് കുഞ്ഞിനെ ഓൺലൈൻ വഴി വാങ്ങിയത്. ഇയാൾ വിവരമറിയിച്ചതിനെ തുടർന്നാണ് പോലീസ് കേസെടുത്തത്. സംഭവത്തിൽ പിതാവിനെ മൂന്നു വർഷത്തെ തടവിനും മാതാവിനെ രണ്ടര വർഷത്തെ തടവിനും കോടതി ശിക്ഷിച്ചിട്ടുണ്ട്.

## പിഞ്ചു കുഞ്ഞു താഴെ വീണു മരിച്ചു

റാംപൂർ: യുവതിയുടെ കൈയിൽ നിന്ന് താഴെ വീണ് പിഞ്ചു കുഞ്ഞു മരിച്ചു. ബലാത്സംഗം എതിർക്കാൻ ശ്രമിക്കുന്നതിനിടെ ഉത്തർപ്രദേശിലെ റാംപൂരിലാണ് സംഭവമുണ്ടായത്. ബസിൽ വച്ച് ഡ്രൈവറും കണ്ടക്ടറും ചേർന്ന് യുവതിയെ ബലാത്സംഗം ചെയ്യുകയായിരുന്നു. രാത്രിയിൽ രണ്ടു കുട്ടികളുമായാണ് യുവതി ബസിൽ കയറിയത്. തുടർന്ന് യുവതിയോട് ഉറങ്ങിക്കോളാൻ കണ്ടക്ടറും ഡ്രൈവറും പറഞ്ഞു. ക്ഷീണിതയായിരുന്ന യുവതി ഉറങ്ങുകയും ചെയ്തു. എന്നാൽ ബസിൽ നിന്നും മറ്റുള്ളവർ ഇറങ്ങിക്കഴിഞ്ഞപ്പോൾ ബസ് വഴിയരികിൽ ഒതുക്കി കണ്ടക്ടറും ഡ്രൈവറും ചേർന്ന് യുവതിയെ ബലാത്സംഗം ചെയ്യുകയായിരുന്നു. ഇത് എതിർക്കാൻ ശ്രമിക്കുന്നതിനിടെ യുവതിയുടെ കൈയിൽ ഉണ്ടായിരുന്ന 14 ദിവസം പ്രായമുള്ള കുഞ്ഞ് താഴെ വീണ് മരിക്കുകയായിരുന്നു.

## ഐപിസി കേരളാസ്റ്റേറ്റ് തിരഞ്ഞെടുപ്പ് മണ്ഡലാടിസ്ഥാനത്തിൽ

കുമ്പനാട്: ഐപിസി കേരളാസ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുപ്പ് നിയോജകമണ്ഡലാടിസ്ഥാനത്തിലാക്കാൻ മാർച്ച് ഒന്നിന് കൂടിയ സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. ചില വർഷങ്ങളായി സഭാവിശ്വാസികളും ശുശ്രൂഷകന്മാരും ആവശ്യപ്പെട്ടിരുന്നതാണ് ഇക്കാര്യം. മൂന്നു വർഷം മുൻപ് തന്നെ സ്റ്റേറ്റ് കൗൺസിൽ ഇത് അംഗീകരിച്ചിരുന്നു. വിശദാംശങ്ങൾ ചർച്ച ചെയ്ത കൗൺസിൽ ഇപ്പോൾ തീരുമാനിക്കുകയായിരുന്നു.

കേരളത്തിലെ ഓരോ ജില്ലയിലെയും സഭാവിശ്വാസികളുടെ എണ്ണത്തിന് അനുപാതികമായി അംഗങ്ങളെ അതാതു ജില്ലയിൽ നിന്നുള്ള പ്രതിനിധികൾ തിരഞ്ഞെടുക്കുന്നതാണ്. ഇതോടെ എല്ലാ വോട്ടർമാരും കുമ്പനാട്ട് എത്തേണ്ട സാഹചര്യം ഒഴിവാക്കുകയാണ്. ജനറൽ കൗൺസിൽ അംഗങ്ങളെയും എക്സിക്യൂട്ടീവിനെയും എല്ലാ പ്രതിനിധികളും ചേർന്നാണ് തിരഞ്ഞെടുക്കുന്നത്. ഇതിനുള്ള ബാലറ്റ്പേപ്പറുകളും ഓരോ മണ്ഡലത്തിലും വിതരണം ചെയ്യുന്നതാണ്. ഓരോ സെന്ററിന്റെയും കേന്ദ്രസ്ഥലം ഏതു ജില്ലയിലാണോ ആ സെന്ററിലെ സഭകളെല്ലാം ആ ജില്ലയിൽ ഉൾപ്പെടുത്തുന്നതാണ്. ഓരോ ജില്ലയിൽ നിന്നും അതാതു ജില്ലയിൽ പ്രവർത്തനപരിചയവും സാക്ഷ്യവും ഉള്ളവർ കൗൺസിൽ അംഗങ്ങളാകാൻ ഈ സംവിധാനം ഉപകരിക്കും. മാർച്ച് എട്ടിന് കൂടിയ കൗൺസിൽ തീരുമാനപ്രകാരം കേരളത്തിലെ കൗൺസിൽ അംഗങ്ങളുടെ അംഗസംഖ്യ 63 ൽ നിന്നും 84 ആയി ഉയർത്തിയതായും സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് ഔദ്യോഗിക പത്രകുറിപ്പിലൂടെ അറിയിച്ചു. ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുന്നതിനനുസരിച്ച് സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുപ്പും നടത്തുന്നതാണ്.

## കുട്ടികളെ അടിച്ചുതന്നെ വളർത്തണം: മാർപാപ്പ

കുട്ടികൾ കുറുമ്പുകാണിച്ചാൽ മാതാപിതാക്കൾ നല്ല അടികൊടുക്കുന്നതിൽ ഒരു തെറ്റുമില്ല പറയുന്നത് ഫ്രാൻസിസ് മാർപാപ്പയാണ്. മാതാപിതാക്കൾ കുട്ടികളെ അടിച്ചുതന്നെ വളർത്തണമെന്നു പറഞ്ഞ് ഒരു കുട്ടിയെ തല്ലുന്നതു പോലെ അഭിനയിച്ചു കാണിക്കുകകൂടി ചെയ്തു മാർപാപ്പ.

സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ജനങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. മക്കളെ ഇടയ്ക്കിടെ തല്ലാറുണ്ടെന്ന് ഒരു പിതാവ് തന്നോടു സമ്മതിച്ച കാര്യം മാർപാപ്പ അനുസ്മരിച്ചു. ഒരിക്കലും കുട്ടികളുടെ മുഖത്ത് അടിച്ചിട്ടില്ലെന്നും ആ പിതാവു പറഞ്ഞതായി മാർപാപ്പ ഓർമ്മിപ്പിച്ചു.



കുട്ടികളുടെ അഭിമാനം വ്രണപ്പെടുത്താതെ വേണം തല്ലാൻ.

കുട്ടികളോടു ക്രൂരത കാട്ടണമെന്നല്ല മാർപാപ്പ ഉദ്ദേശിച്ചതെന്നും അവരെ നല്ലരീതിയിൽ വളർത്താൻ സഹായകമാവുന്ന ഉപദേശം നൽകുകയായിരുന്നുവെന്നും വത്തിക്കാനിലെ മാധ്യമവിഭാഗവുമായി പറഞ്ഞു.

### കമ്പ്യൂട്ടറിന്റെ കാര്യത്തിൽ ഞാൻ പരാജയം

ഒരിക്കൽ ഇന്റർനെറ്റിനെ 'ദൈവം തന്നെ സമ്മാനം' എന്നു വിശേഷിപ്പിച്ച ഫ്രാൻസിസ് മാർപാപ്പ കഴിഞ്ഞ ദിവസം ഭിന്നശേഷിയുള്ള കുട്ടികളോടു പറഞ്ഞു: കമ്പ്യൂട്ടറിന്റെ കാര്യത്തിൽ ഞാനൊരു പരാജയമാണ്. ഗൂഗിൾ ഹൗങ്ഔട്ടിലൂടെ വിവിധ സ്ഥലങ്ങളിലെ കുട്ടികളുമായി സംസാരിക്കുകയായിരുന്നു. അലിക്ക എന്ന കുട്ടി മാർപാപ്പയോടു ചോദിച്ചു: 'ഫോട്ടോകളെടുക്കാനും കമ്പ്യൂട്ടറിലേക്ക് ഡൗൺലോഡ് ചെയ്യാനുമൊക്കെ ഇഷ്ടമാണോ?' മാർപാപ്പ പറഞ്ഞു. എനിക്ക് കമ്പ്യൂട്ടർ ഉപയോഗിക്കാനാവുന്നില്ല'.

## 8-ാമത് കാഞ്ഞിരംതോട്ടം കൺവൻഷൻ 2016

നെയ്യാറ്റിൻകര: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ നെയ്യാറ്റിൻകര ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഏഴ് വർഷമായി നടന്നു വരുന്ന കാഞ്ഞിരംതോട്ടം കൺവൻഷന്റെ 8-ാമത് കൺവൻഷൻ 2016 ഏപ്രിൽ 11 മുതൽ 17 വരെ വ്ളാത്താങ്കരയ്ക്ക് സമീപമുള്ള ബഥേൽപുരത്ത് നടക്കും. പാസ്റ്റർമാരായ പി. സി ചെറിയാൻ, കെ. ജോയി, അജി തോമസ്, പി. എ. ജെറാൾഡ്, സജി ഏബ്രഹാം, ബൈജു മാലക്കര തുടങ്ങി ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. പത്തനാപുരം ശാലോം വോയ്സ് ഗാനങ്ങളാലപിക്കും. പാസ്റ്റർ ബൈജു വെങ്കടമ്പ് കൺവീനറായി കൺവൻഷന് നേതൃത്വം നൽകും.

**LANDWAY NEWS**
**EDITORIAL BOARD**
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

**വരിസംഖ്യ?**
**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# എന്റെ നിയമം എന്റെ ജീവിതം

എന്റെ യാത്രയുടെ വേളയിൽ സുമുഖനായ ഒരു യുവാവിനെ കാണുവാൻ ഇടയായി. അവനുമായി ഞാൻ ചില കുശല പ്രശ്നങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുമ്പോൾ നാം അവൻ പറഞ്ഞ വാക്കുകളാണ് മുകളിലെ തലക്കെട്ട്. (My law my life) ചെറിയൊരു വാചകമാണ് ഇതെങ്കിലും എന്നെ വളരെ ചിന്തിപ്പിച്ചു കൊണ്ടേയിരുന്നു. ഈ മനുഷ്യൻ നല്ല സൗന്ദര്യത്തിനുടമയാണ്. വേണ്ടതായ ഗുണഗണങ്ങൾ കാണാൻ കഴിയുന്നുമുണ്ട്. പക്ഷേ ഈ വ്യക്തിയിൽ പറഞ്ഞറിയിക്കാൻ പറ്റാത്ത നിരാശ അവന്റെ അകത്തളത്തിൽ അമ്മാനമാടുന്നുവെന്ന് എനിക്ക് വ്യക്തമായി മനസ്സിലായി. ചില നിമിഷങ്ങൾ ഞാൻ അവനുമായി സംസാരിച്ചു. അവന്റെ നല്ല ഭാവിക്കായി ഞാൻ ചില വാക്കുകൾ പറഞ്ഞുകൊടുക്കുകയും അവനായി പ്രാർത്ഥിക്കുകയും ചെയ്തു.

ഇതുപോലെയല്ലേ നമ്മിൽ പലരും ജീവിക്കുന്നത്? മറ്റു വ്യക്തികളോട് നമ്മുടെ വിഷയങ്ങൾ പറഞ്ഞറിയിക്കാൻ പറ്റാത്ത നിലയിൽ നിരാശയുടെ ചുഴിയിൽ ആരു സഹായിക്കുമെന്ന് കാത്തിരിക്കുന്നവരിൽ ചിലർ ഞാനും നിങ്ങളുമായിരിക്കാം. തീർച്ചയായും ഇതിനൊരു പരിഹാരമാർഗ്ഗം നമുക്കുണ്ട്. അത് നമ്മുടെ ജീവന്റെ ജീവനായ യേശുക്രിസ്തുവിന്റെ മാർഗ്ഗമാണ്. യേശു ഏതു ഹൃദയത്തിൽ വന്നിട്ടുണ്ടോ അവിടെ സമാധാനം നൽകിയിട്ടുണ്ട്. ആ സമാധാനം നിത്യമായിരിക്കും, ഒപ്പം നിത്യ സന്തോഷത്തിന്റേതുമായിരിയിരിക്കും. ദൈവം എന്നിൽ ജീവിച്ചാൽ എന്റെ പ്രശ്നങ്ങൾക്ക് എല്ലാം അമരക്കാരൻ കർത്താവാണ് എന്ന് ഉറച്ച് വിശ്വസിക്കുക.. ആകയാൽ സഹോദരങ്ങളെ സമാധാനപരമായ ഒരു അന്തരീക്ഷം നമുക്കുവേണമെങ്കിൽ അതിനുള്ള ഏകമാർഗ്ഗം കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ്. യേശുക്രിസ്തുവിനെ കർത്താവും, നാഥനും, രക്ഷകനും പിതാവുമായി ഏറ്റു പറയുക (Rom 10:9). എങ്കിൽ വിജയകരമായ ജീവിതത്തിനുടമയായിത്തീരും. നാം ക്രിസ്തുവിൽ കൂടിയല്ലാതെ നമുക്ക് ഈ ലോകത്തിൽ വിജയകരമായ ഒരു ജീവിതം നേടിയെടുക്കാൻ കഴിയുകയില്ല. ഈ നന്മ പ്രാപിക്കണമെങ്കിൽ ദൈവവചനം പറയുന്നതു പോലെ ആകാശത്തിന്റെ കീഴിൽ ഭൂമിക്ക് മുകളിൽ നൽകപ്പെട്ട ഒരേഒരുനാമം, അത് യേശുവിന്റെ നാമം മാത്രമാണ് (Acts 4:12). ഈ മഹത്തായ നാമത്തിൽ വിശ്വസിക്കുക. ഈ നാമത്തെ എല്ലാവരും അംഗീകരിക്കുക. നാം എല്ലാവരും കൈവിട്ടാലും യേശു നമ്മെ കൈവിടുകയില്ല. മനുഷ്യരുടെ സ്നേഹം കേവലം ശവപ്പറമ്പുവരെ മാത്രം എന്ന് ഓർക്കുക. എന്നാൽ ദൈവത്തിന്റെ സ്നേഹം നിത്യതമുതൽ നിത്യതവരെയാണ് എന്ന് നാം എപ്പോഴും ഓർക്കുക (Everlasting to Everlasting love).

*ദൈവം എന്നിൽ ജീവിച്ചാൽ എന്റെ പ്രശ്നങ്ങൾക്ക് എല്ലാം അമരക്കാരൻ കർത്താവാണ്. സമാധാന പരമായ ഒരു അന്തരീക്ഷം നമുക്കുവേണമെങ്കിൽ അതിനുള്ള ഏകമാർഗ്ഗം കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ്.*

...ക്കും. ആകയാൽ ദൈവവചനം പറയുന്നത് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. (Acts 16:31) ഈ സന്തോഷം പ്രാപിക്കുന്നവർ സ്വന്തമായി നിയമം ഉണ്ടാക്കാതെ അവന്റെ എല്ലാറ്റിനുമെല്ലാം സർവ്വ ശക്തനായ ദൈവമാണ് എന്ന് വിശ്വസിക്കും. ജീവിക്കുന്നത് ഞാനല്ല എന്നിൽ ദൈവമാണ് ജീവിക്കുന്നത് എന്നു പറഞ്ഞുകൊണ്ടേ

ഇങ്ങനെ വിശ്വസിക്കുന്നവർ മുകളിൽ പറഞ്ഞ തലക്കെട്ടു വാചകം പോലെ ഒരിക്കലും പറയുകയില്ല. പ്രത്യുത യേശുവിൽ വിശ്വസിക്കുന്നവർ ഇപ്രകാരം പറയും ദൈവത്തിന്റെ നിയമം എന്റെ ജീവിതം എന്നത്രേ. അതല്ലേ നമുക്കു വേണ്ടതും ആവശ്യമായതും എന്ന് ഓർക്കുക.

നമ്മുടെ ജീവിതം ദിനംതോറും നശിപ്പിച്ചു കളയേണ്ടതല്ല, നാം മറ്റുള്ളവരുടെ ഇടയിൽ വിജയകരമായി ജീവിച്ചുകാണിക്കേണ്ടവരാണ്. നമ്മളിൽ വരാവുന്ന നിരാശമാറിപ്പോകട്ടെ. നമ്മിൽ ദൈവിക പ്രത്യാശ ഓരോ നിമിഷവും നിറയുമാറാകട്ടെ.

# യുവജനങ്ങളെ സമയം വിലപ്പെട്ടതാണേ! മറക്കരുതേ!!



ഷെറിൻ ഷേർളി സന്തോഷ്

തിരക്കേറിയ ലോകത്തിൽ മനുഷ്യരെല്ലാം പലവിധത്തിലുള്ള കാര്യങ്ങൾക്കായി കടന്നുപോകുന്നവരാണ് എന്ന് നമുക്കറിയാം. എങ്കിലും നമ്മുടെ ജീവിതത്തിലെ അതിപ്രധാനമായ കാര്യമാണ് സമയം എന്നത് എന്ന് മറന്നുപോകരുത്. സമയം തക്കത്തിൽ ഉപയോഗപ്പെടുത്താൻ നാം കഴിവതും ബുദ്ധിയോടെ ചിന്തിക്കണം. ലോകത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും ജീവികൾക്കും ഒരു ദിവസം 24 മണിക്കൂർ ദൈവം നൽകിയിട്ടുണ്ട്. ഈ സമയം യഥാവിധം നാം പ്രയോജനപ്പെടുത്തുന്നുവോ എന്നതാണ് ചിന്തിക്കേണ്ടത്. ഈ മഹനീയമായ ഘടികാരത്തെ തക്കത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ ചിലപ്പോൾ വിലമതിക്കാൻ കഴിയാത്ത നിലയിൽ നാം പലതിനെയും നേരിടേണ്ടിവരും. ചില പ്രായോഗിക കാര്യങ്ങൾ നാം ചെയ്യാൻ ശ്രമിച്ചാൽ വിലപിടിപ്പുള്ള സമയത്തെ നമ്മുടെ ജീവിതത്തിൽ പ്രയോജനപ്പെടുത്താൻ കഴിയും.

കഴിയുമെങ്കിൽ ഒരു വർഷത്തെ പ്രോഗ്രാമുകൾ മുൻകൂട്ടി തീരുമാനിക്കുക. ഒരു മാസത്തെ പ്രവർത്തന രീതികൾ വ്യക്തമായി എഴുതി ഉണ്ടാക്കുക. ഒരു ആഴ്ചയിലെ പ്രധാനവിഷയങ്ങൾ മുൻകരുതലോടെ ചിന്തിച്ച് ഉറപ്പിക്കുക. നാളത്തെ ദിവസത്തിന്റെ കാര്യങ്ങൾ തലേദിവസമേ തയ്യാറാക്കി എത്ര മണിക്ക് ചെയ്യണം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് അൽപസമയം കണ്ണടച്ച് ചിന്തിച്ചു തയ്യാറാക്കു, 'നാളെ നാളെ നീളെ നീളെ' എന്ന് പറയാതെ അന്ന് ചെയ്യുവാനുള്ളത് വിദ്യാർത്ഥികൾ അന്ന് പഠിക്കുവാനുള്ളതും അന്നന്ന് തന്നെ ചെയ്യുക നാളെത്തേക്ക് മാറ്റി വയ്ക്കരുതേ. പൂർവ്വികർ പറയുന്നതു പോലെ 'ആറിയ കഞ്ഞി പിന്നെ പഴങ്കഞ്ഞി' എന്നതാണ്. ഇത് വരാതിരിക്കാൻ ശ്രമിക്കുക.

സമയത്തിന്റെ യഥാർത്ഥവില ചിന്തിച്ചാൽ അതിനെ മനസ്സിലാക്കിയ ചിലരോട് സംസാരിക്കുമ്പോൾ മനസ്സിലാകും. സെക്കന്റിന്റെ വിലയെക്കുറിച്ച് അറിയണമെങ്കിൽ വിദൂരത്തിൽ നിന്നു തന്റെ പിതാവിന്റെ രോഗാവസ്ഥ അറിഞ്ഞ മകൻ അതിവേഗത്തിൽ തന്റെ വീടിന്റെ പടിവാതിക്കൽ കാലു കുത്തി... പക്ഷേ ഒരു കാൽ അകത്ത് വയ്ക്കുന്ന സമയത്ത് തന്റെ പിതാവ് ലോകത്തോട് യാത്ര പറഞ്ഞു. ഈ മകൻ പറയും സെക്കന്റിന്റെ വില. ട്രെയിൻ യാത്രയ്ക്കു വേണ്ടി ഓടിച്ചെല്ലുമ്പോൾ കടന്ന് പോയ ട്രെയിനിനെക്കുറിച്ച് ചോദിച്ചാൽ യാത്രക്കാരൻ പറയും ഒരു മിനിറ്റ് താമസിച്ചതിനാൽ ട്രെയിൻ കടന്നുപോയി. പരീക്ഷ എഴുതാൻ വന്ന കുട്ടിയോട് ചോദിച്ചാൽ അവൻ പറയും ഒരു മണിക്കൂർ താമസിച്ചതിനാൽ പരീക്ഷ എഴുതാൻ കഴിഞ്ഞില്ലായെന്ന്. ഒരു ദിവസം താമസിച്ച് ജോലിക്ക് കടന്നുപോയ മനുഷ്യനോട് ചോദിച്ചാൽ പറയും എന്റെ വിസാ തീർന്ന് ഇനി എനിക്ക് ഉപജീവനം നഷ്ടമായി. പ്രായം തികയാതെ 6 മാസത്തിൽ ജനിച്ച കുഞ്ഞിന്റെ അമ്മ പറയും എന്റെ കുട്ടി മാസംതികയാതെ ജനിച്ചതിനാൽ അംഗവൈകല്യമുണ്ടായി. വിദ്യാഭ്യാസത്തിൽ ഒരു വർഷം തോറ്റ വിദ്യാർത്ഥിയോട് ചോദിച്ചാൽ വർഷത്തിന്റെ വില അവൻ നമ്മോട് ഉപമിക്കും.

Time is Precious, It cannot be recalled, സമയം വിലപ്പെട്ടതാണ് കൈവിട്ടുപോയാൽ ഒരിക്കലും തിരിച്ച് പിടിക്കാൻ കഴിയുകയില്ല. ആകയാൽ ദൈവം നമ്മുടെ ജീവിതത്തിൽ നൽകിയിരിക്കുന്ന സമയം അത് തക്കത്തിൽ ഉപയോഗിക്കാം. ചെയ്യുവാനുള്ളത് വേഗത്തിൽ ചെയ്യാം. ബുദ്ധി നൽകുന്നതും ദൈവമാണ് അവസരം നൽകുന്നതും ദൈവമാണ് ദൈവത്തെ കൂടാതെ മറ്റൊന്നിന്റെയും പുറകിൽ യാത്ര ചെയ്ത് സമയം നഷ്ടപ്പെടുത്തരുത്.

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE Visual media
09447255475, 09447370979



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

**ആസൂത്രണബോർഡ് നടത്തിയ ഒരു പഠനത്തിൽ കേരളത്തിലെ തൊഴിൽപ്പടയുടെ 30% അന്യസംസ്ഥാന തൊഴിലാളികൾ ആണെന്ന് കണ്ടെത്തി. കെട്ടിട നിർമ്മാണം, ഹോട്ടൽ എന്നീ മേഖലകളിൽ 100% കുടിയേറ്റ തൊഴിലാളികൾ ആണത്രേ.**

# ബംഗാളികളുടെ ഗൾഫ്






ഡഗ്ലസ് ജോസഫ്

ഈയിടെ ഗൾഫിൽ നിന്നും അവധിക്കായി നാട്ടിൽ പോയ സമയം. ചങ്ങനാശ്ശേരിയിലെ പായിപ്പാടാണ് സ്ഥലം. നാട്ടിലെത്തി പഴയപോലെ കവലയിലേക്കൊന്നിറങ്ങി. 'കൈസാഹേ', 'കിതർ ജാരേ' തുടങ്ങിയ ഗൾഫിൽ പരിചിതവും എന്നാൽ നാട്ടിൽ നീരെ പരിചിതമല്ലാത്തതുമായ ശബ്ദങ്ങൾ കേട്ട് ഞാൻ ചുറ്റുംപാടും നോക്കി. പഴയ കവല ആകെ മാറി. ആകെപ്പാടെ തിക്കും തിരക്കും. പണ്ട് പരിചിത മുഖങ്ങൾ തീരെ കുറവ്. അപ്പോഴാണ് കടന്നു പോകുന്ന ഒരു ബസ്സ് ശ്രദ്ധിച്ചത് പായിപ്പാട്, ചങ്ങനാശ്ശേരി എന്നൊക്കെ ഹിന്ദിയിൽ എഴുതിയിരിക്കുന്നു. പണ്ട് സ്കൂളിൽ ഹിന്ദി പഠിച്ചത് ഇപ്പോഴെങ്കിലും ഉപകാരമായിരിക്കുന്നു. ശരിക്കും ഞെട്ടിയത് ഇന്നും വലിയ മാറ്റങ്ങൾ ഒന്നും കടയ്ക്കും, കച്ചവടത്തിനും ഒന്നും വന്നിട്ടില്ലെങ്കിലും ചാവൽ ഏക് കിലോ, ദാൽ ആധാ കിലോ എന്നൊക്കെ തട്ടിവിടുന്ന പലചരക്കുകടയിലെ ചേട്ടനെ കണ്ടപ്പോഴാണ്. റോഡിലും കടകൾ നിറയെയും ബംഗാളികൾ എന്നു പൊതുവേ വിളിക്കുന്ന ആസാമികളും, ഒറീസ്സക്കാരും, ബംഗാളികളും, മഹാരാഷ്ട്രക്കാരും ഒക്കെ നിറങ്ങിരിക്കുന്നു. അൽപം മീൻ വാങ്ങാം എന്നു കരുതി ചെന്നപ്പോഴാണ് വീണ്ടും ഞെട്ടൽ. വർഷങ്ങളായി മീൻ കച്ചവടം നടത്തുന്ന ഉമ്മറിക്ക ആളാകെ മാറിയിരിക്കുന്നു. മീൻ വിൽക്കാനായി തന്നെ രണ്ടു ബംഗാളികൾ ഉണ്ട്. അവരുടെ മൊതലാളി ആയി "ഇതർ ആവോ, സസ്താ മച്ച്ലി മിലേഗാ എന്നൊക്കെ കൂടുതലും ബംഗാളികളായ കസ്റ്റമേഴ്സിനെ ആകർഷിക്കാൻ ഹിന്ദിയിൽ വിളിച്ചു കൂവുകയാണ്. എനിക്കോർമ്മ വന്നത് ദുബായിലും, ഷാർജ എമിറേറ്റിൽ ഞാൻ താമസിക്കുന്ന കോർഫക്കാനിലും ചില ഏരിയാകൾ ഉണ്ട്. ബംഗാളി സൂക്ക് (ബംഗാളി മാർക്കറ്റ് എന്നർത്ഥം) എന്നും, ബംഗാളി സ്ട്രീറ്റ് എന്നും ഒക്കെ അറിയപ്പെടുന്ന ഈ സ്ഥലങ്ങൾ ഗൾഫിലേക്ക് ചേക്കേറിയ ബംഗ്ലാദേശുകാരുടെ താവളങ്ങളാണ്. വൈകിട്ട് ഒക്കെ ചെന്നാൽ ഹോട്ടലിലും, സൂപ്പർ മാർക്കറ്റിലും, മൊബൈൽ കടയിലും, ഗ്രോസറികളിലും ഒക്കെ ഇക്കൂട്ടരുടെ തിരക്കായിരിക്കും. വഴി യരികിൽ കൂട്ടം കൂടി നിന്ന് സൊറപറയുന്നവരെയും കാണാം. 'പട പേടിച്ച് പന്തളത്ത് ചെന്നപ്പോൾ അവിടെ പന്തം കൊളുത്തിപ്പട' എന്നു പറഞ്ഞതുപോലെ ഗൾഫിലും ഇതാ നാട്ടിലും ആകെ ബംഗാളിമയം.

കേരളത്തിൽ പെരുമ്പാവൂർ കഴിഞ്ഞാൽ ഏറ്റവുമധികം ബംഗാളികൾ (അന്യ സംസ്ഥാന തൊഴിലാളികൾ) താമസിക്കുന്ന സ്ഥലം എന്റെ കൊച്ചു ഗ്രാമമായ പായിപ്പാട് ആണ്. ബ്രിട്ടീഷുകാരെ പുറത്താക്കാൻ നടത്തിയ ശിപായി ലഹള പോലെ രണ്ടു മൂന്ന് വർഷങ്ങൾക്കു മുമ്പ് 'പായിപ്പാട് വിപ്ലവം അഥവാ ബംഗാളികളെ അടിച്ചോടിക്കൽ' എന്ന ലഹളയ്ക്കും എന്റെ നാട് സാക്ഷ്യം വഹിച്ചു. സംഭവം ഇങ്ങനെ, ബംഗാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പിൽനിന്നുള്ള വേസ്റ്റുകൾ റോഡരികിൽ ഉപേക്ഷിച്ച നിലയിൽ കണ്ട നാട്ടുകാർ റോഡുപരോധവും, രാവിലെ ജോലിക്കായി കവലയിൽ തടിച്ചു കൂടിയ ബംഗാളികളെ അടിച്ചോടിക്കലും ആരംഭിച്ചു. നിരവധി അന്യസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലം തകർത്തു. രണ്ടു ദിവസത്തേക്ക്, കേരളത്തിൽ ആദ്യമായി അരങ്ങേറിയ ഈ 'ബംഗാളി ഉച്ചാടനം' ടി.വി. ചാനലുകളും പത്രങ്ങളും ആഘോഷിച്ചു. കുറച്ചു കാലം പ്രാണരക്ഷാർത്ഥം ട്രെയിനിൽ കയറി രക്ഷപ്പെട്ട ബംഗാളികൾ സംഭവമൊക്കെ തണുത്തപ്പോൾ വീണ്ടും കളത്തിലെത്തി.

ഇനി ചില കണക്കുകളിലേക്ക് വരാം. ആസൂത്രണബോർഡ് നടത്തിയ ഒരു പഠനത്തിൽ കേരളത്തിലെ തൊഴിൽപ്പടയുടെ 30% അന്യസംസ്ഥാന തൊഴിലാളികൾ ആണെന്ന് കണ്ടെത്തി. കെട്ടിട നിർമ്മാണം, ഹോട്ടൽ എന്നീ മേഖലകളിൽ 100% കുടിയേറ്റ തൊഴിലാളികൾ ആണത്രേ. പച്ചക്കറി കടയിലും പഴക്കടയിലും, മീൻ കടയിലും 60% വരെ അന്യസംസ്ഥാന തൊഴിലാളികൾ ആണ്. പലചരക്കു കടയിൽ 75%, തട്ടുകടകളിൽ 50% എന്നിങ്ങനെയാണ് കണക്ക്. ഈ അന്യസംസ്ഥാന തൊഴിലാളികളിൽ ബംഗാളികൾക്കാണ് മുൻതൂക്കം (20% പേർ). ബാക്കി ആസം, ജാർഖണ്ഡ്, ബീഹാർ, മഹാരാഷ്ട്ര, യു.പി, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ്. നാടും വീടും വിട്ട് മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ തുച്ഛമായ വേതനത്തിന്, മരുഭൂമിയിലെ ചൂടിൽ കുബ്ബൂസും (ഒരുതരം റൊട്ടി) തൈരും, സുലൈമാനിയും (കട്ടൻചായ) ഒക്കെ കഴിച്ച് കഷ്ടപ്പെടുമ്പോൾ, ദിവസം 500 മുതൽ 800 വരെയാണ് ബംഗാളികൾ കേരളത്തിൽ സമ്പാദിക്കുന്നത്. തിരുവനന്തപുരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് എന്ന സ്ഥാപനം നടത്തിയ ഒരു പഠനം ശ്രദ്ധയിൽപ്പെട്ടു. അന്യസംസ്ഥാന തൊഴിലാളികളിൽ 97% പേരും മാസം തോറും നാട്ടിലേക്ക് പണം അയയ്ക്കുന്ന വരാണ്. മാസം 10,000 രൂപ മുതൽ 15,000 വരെയാണ് മിക്കവരും അയയ്ക്കുന്നത്. ഗൾഫിൽ സാധാരണ ജോലി ചെയ്യുന്ന മലയാളി 15000 രൂപയിൽ താഴെയാണ് നാട്ടിലേക്കയയ്ക്കുന്നത്. കൂടുതൽ ഞെട്ടാൻ തയ്യാറായിക്കോ. മേൽപ്പറഞ്ഞ പഠനത്തിൽ കാൽലക്ഷം അന്യസംസ്ഥാന തൊഴിലാളികളുണ്ടെന്നും അവർ വർഷം ഏകദേശം 18000 കോടി രൂപ മറ്റു സംസ്ഥാനങ്ങളിലേക്ക് അയയ്ക്കുന്നുണ്ടെന്നും കണ്ടെത്തിയിരിക്കുന്നു. കേരളത്തിലേക്ക് ഗൾഫ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്ന് വർഷം 75000 കോടി രൂപ വരുന്നുണ്ടെങ്കിലും, സാധാരണക്കാരായ ഗൾഫ് മലയാളികളുടെ വിഹിതം 20000 കോടിയിൽ കൂടാൻ സാധ്യതയില്ല എന്ന് പഠനങ്ങൾ കാണിക്കുന്നു. ചുരുക്കത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ നിന്ന് കടത്തുന്ന തുകയും, അറബിനാട്ടിൽ നിന്നും വിദേശമലയാളി കളായ തൊഴിലാളികൾ അയയ്ക്കുന്ന തുകയും ഏകദേശം തുല്യം എന്നു സാരം.

ആശ്വസിക്കാൻ അൽപം വകയുണ്ട്. ബംഗാളികൾ തീരെയില്ലാത്ത ചില തൊഴിൽ മേഖലകളും ഉണ്ട്. മെഡിക്കൽ സ്റ്റോർ, ജ്വല്ലറികൾ തുടങ്ങിയവ. ഇനി കേരളത്തിലെ ഈ മേഖലയിലെ തൊഴിൽ സാധ്യത മുമ്പിൽ കണ്ട് വെസ്റ്റ് ബംഗാളിലും, ആസാമിലും ഒക്കെ വല്ല കോഴ്സും തുടങ്ങുമോ എന്നാണ് എന്റെ പേടി. ഡിഗ്രിയും ഒക്കെ എടുത്ത് ബംഗാളികൾ കേരളത്തിലേക്ക് വച്ചു പിടിക്കുന്ന കാലം വിദൂരമല്ല.

# ശിക്ഷണവും ശിഷ്യത്വവും



രാജു ആനിക്കാട്

ആരാലും ചോദ്യം ചെയ്യപ്പെടാത്ത സർവ്വസ്വതന്ത്ര ജീവിതമാണ് എല്ലാവർക്കും ഇഷ്ടം. എങ്കിലും നല്ല ഒരു ക്രിസ്ത്യാനി ഉണ്ടാകുന്നത് കഠിനമായ ശിക്ഷണത്തിലൂടെയായിരിക്കും. ശിക്ഷണമാണ് ഒരാളെ ശിഷ്യൻ എന്ന പേരിന് അർഹനാക്കുന്നത്. അതില്ലാത്തിടത്തോളം ആർക്കും ശിഷ്യനാണെന്നു അവകാശപ്പെടാനാകില്ല. യേശുക്രിസ്തുവിന്റെ അന്ത്യകല്പനയിൽ സകലജാതികളെയും പഠിപ്പിച്ച് ശിഷ്യരാക്കുവാനാണ് ആഹ്വാനം ചെയ്തത്. യേശുക്രിസ്തു പഠിപ്പിച്ചത് വിശ്വസിപ്പിക്കുവാനോ ശിശ്രൂഷിയാക്കുവാനോ അല്ല, ശിഷ്യനാക്കുവാനായിരുന്നു. ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

ജീവിക്കാൻ ആഗ്രഹിക്കുന്നവർക്കല്ല ചാവാൻ തയ്യാറാകുന്നവർക്കു മാത്രമേ യഥാർത്ഥ ക്രിസ്തു ശിഷ്യനായിരിക്കുവാൻ കഴിയുകയുള്ളൂ. ഒരുവൻ ക്രിസ്തുവിനെ അനുഗമിക്കാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് അനുഗമിക്കുവാനാണ് ക്രിസ്തുവിന്റെ ആഹ്വാനം. മരണം മുമ്പിൽ കണ്ടു മുൻപോട്ടു പോകുന്നവരെ ലോകത്തിൽ മറ്റൊന്നും അസ്വസ്ഥമാക്കാറില്ല, ഒന്നും അവനെ ബാധിക്കാറുമില്ല. ലൗകികമായ എല്ലാറ്റിനോടും ത്യാഗപൂർണ്ണമായ ഒരു സമീപനമായിരിക്കും അവർക്കുള്ളത്.

**സഭ വഴിതെറ്റിപ്പോകുമ്പോൾ ഭയാനകമായ മൂല്യത്തകർച്ച നേരിടുമ്പോൾ ആരാണ് സഭയെ ശിക്ഷണത്തിൽ നടത്തേണ്ടത് എന്നൊരു ചോദ്യം പ്രധാനപ്പെട്ടതാണ്.**

പഴയനിയമ ചരിത്രം പരിശോധിച്ചാൽ ശിക്ഷണമില്ലാതെ മുമ്പോട്ടു നീങ്ങിയിടത്തെല്ലാം ദൈവത്തിന്റെ ശിക്ഷ ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. സോദോമിനും ഗോമെറെക്കുംമേലുള്ള ന്യായവിധി, നോഹയുടെ കാലത്തെ ന്യായവിധി, ഇവയെല്ലാം അതിന് ഉത്തമോദാഹരണങ്ങളാണ്.

സഭ എപ്പോഴും ശിക്ഷണത്തിൻ കീഴിൽ വളരേണ്ട സമൂഹമാണ്. അതില്ലാതെപോകുമ്പോഴുള്ള അധപതനത്തിന്റെ ആഴം ഭയാനകമാണ്. സഭയെ സമൂഹത്തിൽ വേറിട്ടു നിർത്തുന്നത് അതിന്റെ മൂല്യാധിഷ്ഠിത വളർച്ചയാണ്. അതിനു കുറവു വന്നാൽ എല്ലാ നിലയിലും പരാജയമായിരിക്കും.

കൊരിന്തിലെ സഭ ശിക്ഷണമില്ലാതെ മുമ്പോട്ടു നീങ്ങിയതിന്റെ ഫലം എന്തായിരുന്നു. ഒന്ന് കൊരിന്ത്യർ അഞ്ചാം അദ്ധ്യായത്തിലെ പ്രഥമവാക്യം അതേക്കുറിച്ചാണ്. ശിക്ഷണ ജീവിതത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്ന അദ്ധ്യായംകൂടെയാണിത്.

സഭ വഴിതെറ്റിപ്പോകുമ്പോൾ ഭയാനകമായ മൂല്യത്തകർച്ച നേരിടുമ്പോൾ ആരാണ് സഭയെ ശിക്ഷണത്തിൽ നടത്തേണ്ടത് എന്നൊരു ചോദ്യം പ്രധാനപ്പെട്ടതാണ്. പക്ഷെ കൊരിന്ത്യ ലേഖനം അഞ്ചാമദ്ധ്യായം അനുസരിച്ച് സഭതന്നെയാണ് സഭയെ ശിക്ഷിക്കേണ്ടത്.

ഈ ദുഷ്കർമ്മം ചെയ്തവനെക്കുറിച്ച്: നിങ്ങളും എന്റെ ആത്മാവും നമ്മുടെ കർത്താവായ യേശുവിന്റെ ശക്തിയോടെ ഒന്നിച്ചുകൂടിയിട്ട് നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ അവനെ, ആത്മാവ്, കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന് ജഡസംഹാരത്തിനായി സാത്താന് ഏല്പിക്കേണം എന്നു വിധിച്ചിരിക്കുന്നു. ഇവിടെ ശിക്ഷണത്തിനുള്ള സഭയുടെ അധികാരമാണ് വ്യക്തമാക്കുന്നത്.

ഇന്നിന്റെ മൂല്യത്തകർച്ചയുടെയും അപഥസഞ്ചാരത്തിന്റെയും ഫലം, സഭയും സമൂഹവും മൃഗീയതത്വത്തോളം അധപതിക്കുകയാണ്. ഇവിടെ ഒരു തീരുമാനം പറയുവാൻ സഭയ്ക്ക് പുറത്തുനിന്നു ആരേയും ചുമതലപ്പെടുത്തിയിട്ടില്ല. അവർക്ക് അതിന് അധികാരവുമില്ല. സഭ തന്നെയാണ് ഇവയ്ക്കൊക്കെ ശിക്ഷ നൽകി നേർപാതയിൽ നയിക്കേണ്ടത്.

അധികാര സ്ഥാനത്തിരിക്കുന്നവർക്ക് തീരുമാനമെടുക്കുന്നതിനുള്ള അധൈര്യവും ആപൽശങ്കയും, സഭയ്ക്കു വരുത്തുന്നത് ഗുരുതര മൂല്യതകർച്ചകളാണ്. ഇത്തരം കാര്യങ്ങളിൽ നേതൃത്വം സ്വീകരിക്കുന്ന അവധാനത വലിയ പ്രശ്നങ്ങൾ ഉളവാക്കും. നേതാക്കൾ ചില കാര്യങ്ങളിൽ കാണിക്കുന്ന നിസ്സംഗതയിലൂടെ അവർ അവധൂതന്മാരാകാൻ ശ്രമിക്കുകയാണ്. പക്ഷേ വിപരീത ഫലമായിരിക്കും ഉണ്ടാകുക.

ദൈവവചനം ശിക്ഷണ നടപടികൾക്കുള്ള അധികാരവും നടപടിയെടുക്കേണ്ട വിധവും അസന്ദിഗ്ദ്ധമായി വിശദീകരിച്ചിട്ടുണ്ട്. അതിനനുസരിച്ച് കാര്യം നടത്താനുള്ള ഇച്ഛാശക്തിയാണാവശ്യം.

ഏതു ശിഷ്യന്റെ മേലും ശിക്ഷണനടപടി സ്വീകരിക്കുന്നതിന്റെ ഉദ്ദേശ്യം അവരെ നിർമ്മൂലമാക്കുകയെന്നതല്ല. പാപത്തിൽ നിന്നും അവരെ മടക്കി വരുത്തുക, മറ്റൊന്ന് പാപം സഭയിൽ പടർന്നു പിടിക്കാതിരിക്കുക. അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ എന്നാണ് പൗലോസ് ചോദിക്കുന്നത്. ഒരു ചെറിയ കാര്യം സഭയെ മുഴുവൻ ബാധിക്കുന്നതിനു മുമ്പ് ശിക്ഷണ നടപടി സ്വീകരിക്കുന്നതിലൂടെ സഭയെ സംശുദ്ധമായി നിർത്താൻ കഴിയുന്നു. നല്ല ശിഷ്യന്മാരെ വാർത്തെടുക്കുവാനും സാധിക്കും.

# വ്യത്യസ്ത താലന്തുകൾക്ക് ഉടമയും പ്രശസ്ത ക്രൈസ്തവ ഗായകനുമായ ബിനു ചാരുതയുമായി അഭിമുഖം

തയ്യാറാക്കിയത്: സന്തോഷ് പന്തളം



ബിനു ചാരുതയും കുടുംബവും

ദൈവവേലയിൽ അധിധൈര്യത്തോടെ പതറാത്ത മനസ്സുമായി കാലുകൾ വച്ച പാസ്റ്റർ വൈ. സ്റ്റീഫൻ-ലില്ലിക്കുട്ടി ദമ്പതികളുടെ 5 മക്കളിൽ രണ്ടാമത്തെ മകനായി 1976 സെപ്തംബർ 12 ന് ബിനു ജനിച്ചു. ജനനത്തിൽ തന്നെ കാഴ്ചയ്ക്ക് യോഗ്യനായിരുന്ന കുട്ടിയായിരുന്നുവെങ്കിലും വളർച്ചയുടെ കാലഘട്ടങ്ങളിൽ തന്റെ നാവിന് ശക്തമായി സംസാരിക്കാൻ കഴിയാത്തവിധം വിക്കുണ്ടായിരുന്നു. എങ്കിലും ആത്മീയകാര്യങ്ങളിൽ ബിനു വളരെ മുൻപന്തിയിലായിരുന്നു. പാടുമ്പോൾ തനിക്ക് വിക്കില്ല പക്ഷേ കാര്യം പറയുമ്പോൾ ഭയങ്കരവിക്കും ഇതിനോടുള്ള ബന്ധത്തിൽ കുടുംബത്തിലെ എല്ലാവരും ബിനു ഓർത്ത് വളരെ ആകുലതയിലായിരുന്നു.

ചെറുപ്രായത്തിലെ തന്റെ പിതാവും മാതാവും വിവിധ സ്ഥലങ്ങളിൽ കർത്താവിന്റെ വേലയിലായിരുന്നതിനാൽ വിദ്യാഭ്യാസം വ്യത്യസ്ത സാഹചര്യത്തിലും നിലയിലുമായിരുന്നു. പാറശാലയ്ക്കടുത്തുള്ള ആലത്തോട്ടം സ്കൂളിൽ ഒന്നു മുതൽ നാലുവരെ പഠിച്ചു. തനിക്ക് ഒന്നര വയസ്സുള്ളപ്പോൾ പാഠശാലയിൽ മാതാപിതാക്കൾ കടന്നു പോയതിനാൽ ചെറുപ്രായത്തിലെ വേണ്ട വിധത്തിലുള്ള വിദ്യാഭ്യാസത്തിനോ മറ്റ് സാഹചര്യങ്ങൾക്കോ സാവകാശം ലഭിച്ചില്ലായെന്ന് പറയുന്നതായിരിക്കും യഥാർത്ഥത്തിൽ. എങ്കിലും ദൈവം താഴ്ചയിൽ നിന്നും ഉയർത്തി പ്രഭുക്കന്മാരോടുള്ള പന്തിഭോജനത്തിനിരുത്തി മാനിച്ചു. ദൈവം എത്ര നല്ലവനെന്ന് ബിനു ഓർക്കുന്നു.

### വ്യത്യസ്തമായ കഴിവുകൾക്ക് ഉടമ

ചെറുപ്രായം മുതൽ തന്റെ പിതാവ് കൺവൻഷനുകൾക്കും സുവിശേഷ പ്രവർത്തനങ്ങൾക്കുമായി ബാനറുകൾ എഴുതികൊടുക്കുന്നത് താൻ കണ്ടിട്ടുണ്ട്. ഈ എഴുത്തുകൾ കാണുമ്പോൾ തനിക്കും ആഗ്രഹമുണ്ടായി എഴുതാനും പടംവരയ്ക്കുവാനും. അങ്ങനെ പിതാവിനെ സഹായിക്കാനായി വിദ്യാഭ്യാസമില്ലാത്ത ഇടവേളകളിൽ ബാനർ എഴുതാൻ തുടങ്ങി. ദൈവത്തിന്റെ കൃപയാൽ എഴുത്ത് ശൈലി യിലേക്കും നല്ലൊരു കമ്പ്യൂട്ടർ ഡിസൈനറായും താൻ പുറത്ത് വന്നു. ബ്രഷ് കൊണ്ട് എഴുതാൻ തുടങ്ങിയ താൻ ആരും പഠിപ്പിക്കാതെ സാവകാശം കിട്ടിയപ്പോൾ കമ്പ്യൂട്ടറിൽ ചിത്രങ്ങൾ വരയ്ക്കുവാനും വ്യത്യസ്ഥത പുലർത്തുവാനും തുടങ്ങി. ഇന്ന് അറിയപ്പെടുന്ന രീതിയിലുള്ള ഒരു ഡിസൈനറായി താൻ ചില രാജ്യങ്ങളിൽ മാറിക്കഴിഞ്ഞുവെന്ന് പറയുന്നതിൽ ക്രിസ്തീയ സമൂഹവും തന്റെ കുടുംബാംഗങ്ങളും അഭിനന്ദിക്കുന്നു.

തന്റെ ചെറുപ്രായത്തിലെ വീട്ടിലെ കഷ്ടത കണ്ടു ജീവിച്ചതിനാൽ പിതാവോ, മാതാവോ അറിയാതെ മറ്റ് വീടുകളിൽ പോയി പലരും ചെയ്യുവാൻ മടിക്കുന്ന വിധത്തിലുള്ള ചില തൊഴിലുകൾ ചെയ്യുവാൻ ഇടയായത് ഞങ്ങളോട് പറഞ്ഞപ്പോൾ ബിനുവിന്റെ കണ്ണുനിറയുന്നതായി തോന്നി. ചാണകം തന്റെ പിഞ്ചു തലയിൽ ചുമന്നുകൊണ്ട് തന്റെ പിതാവിന് കുറച്ചെങ്കിലും രൂപാ കൊടുത്ത് സഹായിക്കണമെന്ന ചിന്തയിൽ കഷ്ടപ്പാടുകൾ സഹിക്കാൻ താൻ തയ്യാറായി. വീട്ടിൽ ആരും അറിയാതെ പല സ്ഥലങ്ങളിൽ പോയി ജോലി ചെയ്തു. ഇങ്ങനെയാണ് തന്റെ അദ്ധ്വാനത്തിന്റെ തുടക്കം. പക്ഷേ ബിനു ഇപ്പോഴും പൂർണ്ണമായി വിശ്വസിക്കുന്നു താഴ്ചയിൽ നിന്നും ഉയർത്തിയ ദൈവത്തിന്റെ കരം എത്രവലുതെന്ന് വർണ്ണിക്കാൻ നാവുകൾ പോരാ. കാട്ടിൽ കിടന്ന ദാവീദിനെ നാട്ടിൽ കൊണ്ടെത്തിച്ച് യിസ്രായേലിന്റെ രാജാവാക്കിയത് പോലെ തന്നെയും ദൈവം ഉയർത്തിയത് എത്ര വലിയ ഉയർച്ചയായിരുന്നുവെന്ന് നിറകണ്ണുകളോടെ ദൈവത്തിന് നന്ദി പറയുകയും ഞങ്ങളോട് പങ്കുവയ്ക്കുകയും ചെയ്തു.

### ഗാനാലപനങ്ങൾക്ക് മുൻപന്തിയിലുള്ള തന്റെ അവസ്ഥകൾ

തന്റെ ചെറുപ്രായത്തിലെ വിക്കു ഉണ്ടായിരുന്നവന് താൻ പറഞ്ഞുവല്ലോ എങ്കിലും പാട്ടുപാടു മ്പോൾ യാതൊരുവിധ പ്രയാസവും തനിക്ക് അനുഭവിച്ചില്ലായെന്നതാണ് ദൈവത്തിന്റെ കരുതൽ. ചെറുപ്രായം മുതൽ സഭകളിലും സുവിശേഷ പ്രവർത്തനത്തിനുമായി ഗാനങ്ങൾ ആലപിക്കുകയായിരുന്നു. എന്നാൽ പ്രീഡിഗ്രി പഠനം പൂർത്തീകരിച്ചതിനുശേഷം കർത്താവിന്റെ നാമത്തോടുള്ള ബന്ധത്തിൽ ലോകം ഇന്നും അറിയപ്പെടുന്ന ഹോളി ബീറ്റ്സിൽ 8 വർഷത്തോളം സ്ഥിരം പാട്ടുകൾ പാടുമായിരുന്നു. തനിക്ക് ഏതുവിധ പാട്ടുകളും ഇഷ്ടമാണ് എങ്കിലും മെലഡി പോലെയുള്ള പാട്ടുകൾക്ക് താൻ കൂടുതലായി ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു. ഈ പാട്ടുകൾ ജനങ്ങൾക്കും വളരെ സന്തോഷമായിരുന്നുവെന്ന് പലരും തന്നോട് പങ്കുവച്ചിട്ടുണ്ട്.

### തന്റെ കുടുംബത്തെക്കുറിച്ച് ചില വാക്കുകൾ

കടന്നുവന്ന ഒരു ദൈവദാസൻ തന്റെ ഭാവി ജീവിതത്തെക്കുറിച്ച് വചനാത്മാവിൽ സംസാരിക്കു കയും ഇതിനോടുള്ള ബന്ധത്തിൽ പ്രാർത്ഥനയിൽ ഉറ്റിരിക്കുമ്പോൾ കോട്ടയം ജില്ലയിൽ മണർകാടിനടുത്ത് താമസിക്കുന്ന അനുഗ്രഹിക്കപ്പെട്ട സി. പി തോമസ് ആനി ദമ്പതികളുടെ ഭവനത്തിൽ നിന്നും ലിഡിയ എന്ന പെൺകുട്ടിയുടെ വിവാഹാലോചന വരികയും തന്റെ ജീവിതസഖിയായി ദൈവം നൽകുകയും ചെയ്തു. നേഴ്സായി പഠനം നടത്തിയെങ്കിലും കർത്താവിന്റെ വേലയിൽ വളരെ ആഗ്രഹമുണ്ടായതിനാൽ ലോക ജോലിയിൽ നിന്നും ലിഡിയ വിരമിച്ച് ദൈവത്തിന്റെ വേലയിൽ ഇപ്പോൾ ഭാഗവാക്കായിക്കൊണ്ടിരിക്കുന്നു. 3 കുട്ടികളെ ഇവർക്ക് ദൈവം ദാനമായി നൽകി എയ്ഡിൻ (അച്ചു), എയ്ലിൻ (അമ്മു), ആലപ് (അക്കു).

തന്റെ ഭാര്യയും മക്കളും ചില നാളുകൾ ബഹ്റനിൽ തന്നോടൊപ്പം ഉണ്ടായിരുന്നു. ഇപ്പോൾ അവർ നാട്ടിൽ താമസിക്കുകയും താൻ ജോലിയോടുള്ള ബന്ധത്തിൽ ബഹ്റനിൽ ആയിരിക്കുകയും ചെയ്യുന്നു. ബഹ്റനിൽ അറിയപ്പെടുന്ന ഒരു പരസ്യകമ്പനിയുടെ ഡിസൈനറായി താൻ ചില വർഷ ങ്ങളായി പ്രവർത്തിച്ചുവരുന്നു.

### ദൈവവേലയോടുള്ള തന്റെ ആഗ്രഹം

ചെറുപ്പം മുതലേ ദൈവവേല ചെയ്യണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നുവെങ്കിലും സ്വന്തമായി ഒരു ഉപജീവന മാർഗ്ഗത്തോടുള്ള ബന്ധത്തിൽ ആയിരുന്നതിനാൽ കുറെക്കൂടെ നല്ലതായിരിക്കുമെന്ന് ചിന്തിച്ചതിനാൽ താൻ ബഹ്റനിൽ ജോലി ചെയ്യുമ്പോൾ തന്നെ വിവിധ ഇടങ്ങളിൽ ക്യാമ്പു വിസിറ്റ്, പ്രാർത്ഥനകൾ, സെമിനാറുകൾ, പാട്ടുക്ലാസുകൾ, കുട്ടികളുടെ ഇടയിലെ വിവിധ പ്രവർത്തനങ്ങൾ എന്നിവകൾക്ക് നേതൃത്വം നൽകി വരുന്നു. തന്റെ ചെറിയ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ ഇതുവരെ കുറച്ചു പേരെ ദൈവത്തിനായി നേടുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വളരെ അനുഗ്രഹം തന്നെയാണ്.

ബഹ്റനിലെ ക്രിസ്തീയ സംഘടനയായ BMCC യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിപാടികളിൽ തന്റെ സാന്നിദ്ധ്യം എപ്പോഴുമുണ്ട്. ഒന്നിൽ കൂടുതൽ താലന്തുകൾ ഒരേസമയം പൊതു ജനത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കുന്ന ഒരു പരിപാടി താൻ ചെയ്യുകയുണ്ടായി. 'പാട്ടു പാടികൊണ്ട് ചിത്രം തലതിരിച്ചു വരയ്ക്കുക' എന്ന വ്യത്യസ്ത പ്രോഗ്രാമുകൾ മനുഷ്യ ഹൃദയങ്ങളെ അമ്പരിപ്പിച്ചു. ചില മാസങ്ങൾക്ക് മുമ്പ് ലാന്റ്‌വേ ന്യൂസിന്റെ മുഖാമുഖത്തിൽ വന്ന ഡോ. പി. സി എബ്രഹാമിന്റെ ഛായാചിത്രമായിരുന്നു ഇത്. തലതിരിച്ചുവരച്ചുകൊണ്ട് പാട്ടുപാടിയതിൽ ഡോ. പി. സി. എബ്രഹാമിനോ കാഴ്ചക്കാർക്കോ മനസ്സിലായിരുന്നില്ല. മാത്രമല്ല വരുമ്പോൾ തന്നെ മനോഹരമായ ഗാനവും പാടുകയായിരുന്നു. വേദിയിൽ ഉണ്ടായിരുന്ന ഡോ. പി. സി.എബ്രഹാം, പാസ്റ്റർ പി. എം. ജോയി എന്നിവർ ചേർന്ന് അഭിനന്ദിക്കുകയും ചെയ്തു.



ബിനു ചാരുത

### സംഗീതം

മനോരമ മ്യൂസിക്കിന്റെ ട്രാക്ക് ഗായകൻ, പിന്നണി ഗായകരായ കെ. എസ് ചിത്ര, സുജാത, എം. ജി ശ്രീകുമാർ, ശ്രീനിവാസ്, മധു ബാലകൃഷ്ണൻ, ബിജു നാരായണൻ, കെസ്റ്റർ എന്നിവർക്ക് ട്രാക്ക് പാടാനും അവസരങ്ങൾ കൈവന്നിട്ടുണ്ട്. കൂടാതെ 100 ൽ അധികം ഗാനങ്ങൾ പല ആൽബങ്ങളിലായി പാടാനും ദൈവം അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. അവയിൽ തന്റെ സഹോദരൻ എഴുതി ഈണം പകർന്ന ഇത്ര നൽ രക്ഷകാ യേശുവേ ഇത്രമാം സ്നേഹം നീ തന്നതാൽ എന്ന ഗാനം പാടിയത് ജനശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

### സഭ

ബഹ്റിൻ: എ. ജി സഭയിലെ ഒരു സജീവ് അംഗമാണ്.

### കല

ആദ്യമായി പാട്ടു പാടിക്കൊണ്ട് തല തിരിച്ചു വരച്ചത്. ബഹ്റിൽ എ. ജി സഭാ പാസ്റ്റർ പി. എം ജോയി കൂടാതെ ഡോ. പി. സി അബ്രഹാമിന്റെയും ചിത്രവും ആ രീതിയിൽ വരച്ച് ജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ബഹ്റിൻ രാജകുമാരന് വേണ്ടിയും താൻ ചിത്രങ്ങൾ വരച്ചിട്ടുണ്ട്.

## ചോദ്യോത്തരവേദി

**1. താങ്കൾക്ക് വിക്ക് ഉണ്ടായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. എന്നാണ് ഈ പ്രയാസത്തിൽ നിന്നും പൂർണ്ണ പരിഹാരം കിട്ടിയത്?**

2001 – ൽ ഇത്രനൽ രക്ഷകാ യേശുവേ എന്ന പാട്ടുപാടി ദൈവത്തെ ആരാധിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ വിശ്വാസത്താൽ ഒരിക്കൽ സുന്ദരം എന്ന ദൈവാലയത്തിൽ എന്ന് പറഞ്ഞപ്പോൾ എറണാകുളം തോപ്പുംപടി സഭയിൽ വെച്ചായിരുന്നു വിക്കു മാറിയത്. അതിനു മുമ്പ് ഒരു കാര്യത്തിന് മറുപടി പറയണമെങ്കിൽ ചോദ്യം ചോദിച്ച വ്യക്തി പുറത്ത് പോയി അവന്റെ എല്ലാ കാര്യങ്ങളും ചെയ്തിട്ടു വന്നാലും ചോദിച്ച വിഷയത്തിന് മറുപടി വിക്കി വിക്കി പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു ദൈവം എത്ര വിശ്വസ്തൻ.

**2. സഹോദരങ്ങളെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?**

തീർച്ചയായും, ഞങ്ങൾ 5 പേർ. 5 പേർക്കും 2 പേരുകൾ വച്ചുണ്ട്. അത് യഥാക്രമം വിശദമാക്കാം. ബിജു, ബിനു, ബിനോയ്, ബിനോദ്, ബിൻസി എല്ലാവരും കുടുംബസ്ഥരാണ്.

**3. ഇനിയുള്ള തന്റെ ആഗ്രഹങ്ങൾ വിവരിക്കാമോ?**

സുവിശേഷം എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ പോയി സുവിശേഷം അറിയിക്കണം. ദൈവത്തി നായി ഇനിയും പാടണം, അനേകർക്ക് മാതൃകയാകണം എന്നിവകൾ ആഗ്രഹിക്കുന്നു. ഒപ്പം ചില പുതിയ പാട്ടുകളുടെ സമാഹാരം ഉണ്ട് അതും പുറത്തിറക്കണമെന്നും ആഗ്രഹിക്കുന്നു.



സുനിൽ വർഗീസ്,
ബാംഗ്ലൂർ



# മോർദ്ദെഖായിയെക്കുറിച്ചുള്ള ഭയം

ഹാമാന് മോർദ്ദെഖായിയോട് തോന്നിയ വികാരം നിങ്ങൾക്ക് ഊഹിക്കാൻ കഴിയും. രാജ്യത്തെ പ്രധാനിയായി രാജാവിനാൽ മാനിക്കപ്പെട്ട ഹാമാൻ വാതിൽപ്പടിയിൽ കിടക്കുന്ന ഒരുവൻ തന്നെ അംഗീകരി ക്കാതെ, നമസ്കരിക്കാതെ അവഗണിച്ചത് അവനെ കോപാകുലനാക്കി. ഹാമാന് മോർദ്ദെഖായിയെ മാത്രം കൈയേറ്റം ചെയ്യുന്നത് ശരിയല്ല എന്ന് തോന്നി. ദൈവത്തെ മാത്രമെ ആരാധിക്കാവൂ നമസ്കരിക്കാവൂ എന്ന ന്യായപ്രമാണം ശീലിച്ചവനായ മോർദ്ദെഖായിയേയും അവന്റെ വംശത്തെ തന്നെയും ഇല്ലാതാക്കാനും അവൻ കൂട്ടം ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചു.

ഒന്നാമതായി ഹാമാൻ പതിനായിരം താലന്ത് വെള്ളി ഏകദേശം 10 കോടി രൂപ, രാജാവിന് നൽകി അഹശ്വരേശിന്റെ 127 സംസ്ഥാനങ്ങളിലുമായി ചിതറിക്കിടക്കുന്ന യെഹൂദന്മാരെ നശിപ്പിക്കാൻ അതതു ഭാഷകളിൽ സന്ദേശം എഴുതി രാജമോതിരം കൊണ്ട് മുദ്രയിട്ട് എല്ലാ സംസ്ഥാനങ്ങളിലും അത് പ്രസിദ്ധമാക്കി. രണ്ടാമതായി അവൻ സ്വന്തം വീട്ടുവളപ്പിൽ മോർദ്ദെഖായിയെ കഴുവേറ്റാൻ 50 മുഴം ഉയരമുള്ള ഒരു കഴുമരമുണ്ടാക്കി.

എന്നാൽ കഴുമരം ഹാമാൻ പണിച ആ രാത്രി രാജാവിന് ഉറക്കം വരാതിരുന്നതിനാൽ ദിന വൃത്താന്തപുസ്തകം വായിക്കാനായി തുടങ്ങി. പിറ്റേന്ന് ഹാമാൻ മോർദ്ദേഖായിയെ തൂക്കുവാനുള്ള ഉത്തരവ് വാങ്ങാനായി പ്രാകാരത്തിൽ ചെന്നപ്പോൾ രാജാവ് അവനോട്, രാജാവ് ബഹുമാനിപ്പാൻ ഇഷ്ടിക്കുന്നവന് എന്ത് ചെയ്യേണം എന്ന് അന്വേഷിക്കുന്നു. (എസ്ഥേർ 6 വായിക്കുക)

കഴുവേറ്റാനുള്ള കൽപന വാങ്ങാൻ ചെന്ന ഹാമാൻ മോർദ്ദേഖായിയെ രാജാവുകയറുന്ന കുതി രയിൽ കയറ്റി രാജകിരീടം ചൂടിച്ച് രാജവസ്ത്രം ധരിപ്പിച്ച് പട്ടണവീഥിയിലൂടെ നടന്ന് രാജാവു ബഹുമാനിക്കുവാൻ ഇഷ്ടിക്കുന്നവനെ ഇങ്ങനെ ചെയ്യും എന്ന് മോർദ്ദേഖായിയുടെ മുൻപിൽ വിളിച്ചു പറഞ്ഞു.

തുടർന്നു നടന്ന എസ്ഥേർ രാജ്ഞിയുടെ രണ്ടാം വിരുന്നുസൽക്കാരത്തിൽ എല്ലാ കള്ളികളും പുറത്തായ ഹാമാൻ ഭ്രമിച്ചുപോയി എന്ന് നാം വായിക്കുന്നു. ഒടുവിൽ മോർദ്ദേഖായിക്ക് വേണ്ടി ഒരുക്കിയ കഴുമരത്തിൽ ഹാമാൻ തൂക്കപ്പെടുന്നു. പടിവാതിക്കലിൽ നിന്ന് മഹാൻ എന്ന പദവിയിലേക്കുയർന്ന മോർദ്ദേഖായിയെ ഭയന്ന് എല്ലാവരും യഹൂദന്മാർക്ക് ഗുണം ചെയ്യുന്നതായി കാണാം.

ശരിക്കും ഇവിടെ എന്താണ് സംഭവിച്ചത്. രാജാവിനെ രക്ഷിച്ചു എന്ന കാരണത്താൽ മാനിക്കപ്പെടേണ്ട മോർദ്ദേഖായി അവഗണിക്കപ്പെടുകയും ഒരു ആഗാഗ്യൻ, ഹാമാൻ പൊടുന്നനവെ രാജധാനിയിലെ വലിയവനാവുകയും ചെയ്തു. എന്നാൽ ദൈവത്തിന്റെ കണക്കുപുസ്തകത്തിൽ അന്നും ഇന്നും ഒരു ഹാമാനും ജയം പ്രാപിച്ചിട്ടില്ല. പുറമെ നോക്കുമ്പോൾ ഹാമാൻ ചെയ്യുന്നതെല്ലാം, അവന്റെ തന്ത്രങ്ങളെയൊക്കെ, പെട്ടെന്ന് സാധിക്കപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ മോർദ്ദേഖായിയെ കഴുവേറ്റാൻ അനുവാദം വാങ്ങാനായി രാജപ്രാകാരത്തിൽ എത്തിയതിന് ശേഷം അവന്റെ ഓരോ പ്രവർത്തിയും അവന് തന്നെ കെണിയായിത്തീർന്നു. രാജാവ് ആരെയോ ബഹുമാനിക്കാൻ പോകുന്നുവെന്ന് കേട്ട പ്പോൾ തുടർന്നും താൻ തന്നെ മാനിക്കപ്പെടുവാൻ പോകുന്നുവെന്ന് അവൻ വ്യാമോഹിച്ചു. എന്നാൽ എല്ലാം സംഭവിച്ചത് അവന്റെ ഭാഗ്യം കൊണ്ടോ കുരുട്ടുബുദ്ധികൊണ്ടോ ആയിരുന്നില്ല. എല്ലാം വളരെ കൃത്യമായി ദൈവത്താൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. (ഹാമാൻ രാജ്യത്തെ രണ്ടാ മനായി വന്നതുകൊണ്ടാണ് മോർദ്ദേഖായിയേയും അവന്റെ വംശത്തെക്കുറിച്ചുമുള്ള ഭയം രാജ്യമാകെ വ്യാപിച്ചത്). ഹാമാൻ വെറും ഒരു സാധാരണക്കാരനായിരുന്നുവെങ്കിൽ എസ്ഥേർ 9: 1, 2 വാക്യങ്ങൾ നാം വായിക്കുകയില്ലായിരുന്നു.

ഹാമാനും മറ്റുള്ളവരും കാണുമ്പോൾ മോർദ്ദേഖായിയുടെ സ്ഥാനം വാതിൽപ്പടിയിലായിരുന്നു. എന്നാൽ ദൈവം അവനെക്കുറിച്ച് എന്താണോ കണ്ടത് അത് വെളിപ്പെട്ടുകഴിഞ്ഞപ്പോൾപുശ്ചത്തിനു പകരം അവരിൽ പരിഭ്രമവും ഭയവും പിടിച്ചു. എന്നും ഒരു മോർദ്ദേഖായി വാതിൽപ്പടിയിൽ കിടക്കുകയില്ല. ഹാമാൻ കരുതി മോർദ്ദേഖായിയും അവന്റെ വംശവും തുടച്ചു നീക്കപ്പെടാൻ പോകുന്നുവെന്ന്. പക്ഷേ ഹാമാന്റെ ഭാര്യ സേരസ് അവനോട് പറഞ്ഞു. മോർദ്ദേഖായി ഒരു യഹൂനാണ് എങ്കിൽ ഹാമാൻ അവനെ ജയിക്കുകയില്ലെന്ന്. നീ ഒരു ദൈവപൈതലാണ് എങ്കിൽ നിന്നെ തകർക്കുമെന്ന് ബഹളം കൂട്ടുന്ന ഒന്നിനേയും നീ പേടിക്കണ്ട കാര്യമില്ല, കാരണം ഇത് ഹാമാന്റെ കാലമല്ല. വാതിൽപ്പടിയിലാണ് ഇരിക്കുന്ന് എങ്കിലും ഇത് നിന്റെ കാലമാണ്.

ഇവിടെ തന്റെ വിജയത്തിനായി ഹാമാൻ കുറേ കാര്യങ്ങൾ ചെയ്തതായി നമുക്ക് കാണാം. എന്നാൽ അതൊക്കെ ഉപയോഗിക്കപ്പെട്ടത് ദൈവത്തെ സേവിക്കുന്ന ഒരുവന് വേണ്ടിയായിരുന്നു. താനാണ് രാജാവിനെ രക്ഷിച്ചത് എന്ന് മോർദ്ദേഖായി പാടി നടന്നില്ല. രാജാവിനാൽ മാനിക്കപ്പെട്ടതിന് ശേഷവും അവൻ വാതിൽപ്പടിയിൽ തന്നെ ആയിരുന്നു. ദൈവം അവനെ ഉയർത്തുവാൻ തീരുമാനിച്ചപ്പോൾ അവൻ തന്റെ ശത്രുക്കൾക്ക് അതീതനായി തീർന്നു. തീയതി കുറിച്ച് മോർദ്ദേഖായിയേയും അവന്റെ കുലത്തേയും നശിപ്പിക്കണമെന്ന് ശത്രു കാത്തിരുന്ന അതേ ദിവസം പ്രാബല്യം പ്രാപിച്ചത് പ്രാർത്ഥിക്കുന്ന ഉപവസിക്കുന്ന കൂട്ടമായിരുന്നു (വചനഭാഗങ്ങൾ എസ്ഥേർ 3 മുതൽ 9 വരെ).

## പാട്ടിന്റെ വഴി

# ഇത്രത്തോളം യഹോവ സഹായിച്ചു, ഇത്രത്തോളം ദൈവം എന്നെ നടത്തി...

ബ്രദർ ഡി.ജെ. അജിത് കുമാർ

അനശ്വരമായി തീർന്ന ഒരു അനുഗ്രഹിത ഗാനമാണിത്. രാജ്യാന്തരങ്ങളോളം കൊടുങ്കാറ്റായി മാറിയ ശ്രേഷ്ഠഗാനം. തമിഴ്, തെലുങ്ക്, ഹിന്ദി, ഒറിയ തുടങ്ങിയ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയതും, ഇൻഡ്യൻ സംസ്ഥാങ്ങളിൽ അനേകർ പാടുന്നതുമായ ഗാനം. ഗാനരചയിതാവിനെ കുറിച്ച് ചില കാര്യങ്ങൾ മാത്രം എഴുതുന്നു. 1964 ഡിസംബർ 12 ന് തിരുവനന്തപുരത്ത് ഡെന്നിസന്റെയും, ജയ്നിയുടെയും മകനായി സാരസം എന്ന വീട്ടിൽ ജനിച്ചു. ജനിച്ചതിന്റെ ഏഴാം ദിവസം അജ്ഞാതമായ ഒരു കഠിനരോഗം പിടിച്ച് മൂത്ത സഹോദരൻ മരിച്ചതിനാൽ ദുഃഖിതരായിരുന്ന മാതാപിതാക്കൾക്ക് വീണ്ടും ദൈവം ദാനമായി നൽകിയ മകനെ മാതാപിതാക്കൾ ജിവനുതുല്യം സ്നേഹിച്ചു. പക്ഷേ നിരാശയായിരുന്നു ഫലം. ഏഴാം ദിവസം അതേ രോഗം ഈ കുഞ്ഞിന് പിടിപെട്ടു. കുഞ്ഞു നിശ്ചലനായി തീർന്നു. വാവിട്ട് അലറിക്കരഞ്ഞു ആ അമ്മ ഒരു നേർച്ചനേർന്നു. എന്റെ കുഞ്ഞിനെ സൗഖ്യമാക്കിയാൽ 90 ദിവസം അതിനുപ്രായമാകുമ്പോൾ 40 ദിവസം ഉപവാസം എടുത്ത് കുഞ്ഞിനെ ദൈവവേലയ്ക്കായി വേർതിരിക്കാം.

വീണ്ടും ഒരു മരണംകൂടെ പ്രതീക്ഷിച്ചിരുന്ന ഏവരെയും അത്ഭുതപ്പെടുത്തി കുഞ്ഞ് 89 ദിവസം പിന്നിട്ടു. അന്ന് ആ വീട്ടിൽ മറ്റൊരു അത്യാഹിതം സംഭവിച്ചു. തിളച്ചു മറിയുന്ന കഞ്ഞിക്കലം അടുപ്പിൽ നിന്നിറക്കുമ്പോൾ ആ അമ്മയുടെ ദേഹത്ത് മറിഞ്ഞുവീണ് ദേഹംമുഴുവൻ വല്ലാതെ പൊള്ളലേറ്റ് ആശുപത്രയിലായി. ആ ദിവസങ്ങളിൽ അയൽവാസിയായ ഒരു സഹോദരിയാണ് കുഞ്ഞിന് മുലയൂട്ടിയത്. ജീവൻ അപകടത്തിലായിട്ടും, പൂർണ്ണസൗഖ്യം പ്രാപിക്കുന്നതിന് മുമ്പുതന്നെ അവർ 40 ദിവസം ഉപവാസമെടുത്തു. വാത്സല്യമാതാവിന്റെ കണ്ണുനീരിനെ മറികടക്കാൻ ദൈവത്തിന് കഴിഞ്ഞില്ല. മരണഭയത്തെ ദൈവം നീക്കി. അമ്മയും കുഞ്ഞും സൗഖ്യമായി. ഒൻപതാമത്തെ മകനായി ജനിച്ച കുഞ്ഞിന് അജിത് കുമാർ എന്നുപേരിട്ടു. ഹന്നാ ശമുവേൽ ബാലനെ ആലയത്തിൽ സമർപ്പിച്ചതുപോലെ അജിത് കുമാർ സമർപ്പിക്കപ്പെട്ടു.

ആണ്ടുതോറും അങ്കിയുമായി മകനെ കാണാൻ വരുന്ന ഹന്നയെപ്പോലെ ജയ്നി ദിനംപ്രതി രക്ഷാവസ്ത്രത്തെയും, തേജസ്സിന്റെ അങ്കിയേയും പറ്റി വേദപുസ്തകത്തിലെ വചനങ്ങൾ കുഞ്ഞിനെ ഉപദേശിച്ചു വളർത്തി. ആത്മീയ അന്തരീക്ഷമുള്ള വീട്ടിൽ ഉപദേശം കേട്ട് അജിത് കുമാർ വളർന്നു.

സുവിശേഷത്തെക്കുറിച്ച് തെല്ലും ലജ്ജിക്കാതെ സ്കൂൾതലത്തിലും, കോളേജിലും, എൻജിനിയറിംഗ് കോളേജിലും കർത്താവിന്റെ സാക്ഷിയായി. ചില സ്നേഹിതരുമായി ഭവനസന്ദർശനങ്ങളും, പരസ്യയോഗങ്ങളും, കൺവൻഷനുകളും നടത്തുന്നത് പതിവായി തീർന്നു. വിദ്യാഭ്യാസം പൂർത്തിയാക്കി. എൻജിനീയർ ശക്തനായ ഒരു സുവിശേഷകനായി മാറി. 1983 ൽ ഒരു യുവജനസമ്മേളനത്തിൽ ആത്മസ്നാനം പ്രാപിക്കുകവാനും, തുടർന്ന് സ്നാനപ്പെടുകയും ചെയ്തു. 1981 ൽ ഒരു ചെറിയ ടീമായി ആരംഭിച്ച പ്രവർത്തനം 1987 ൽ ഒരു സൊസൈറ്റിയായി. 1991 മുതൽ അത് ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ എന്ന പേരിൽ അറിയപ്പെടുന്നു.

ഇത്രത്തോളം യഹോവ സഹായിച്ചു. 1998 ജനുവരി 24 ന് പത്തനംതിട്ടയിൽ ഒരു സുവിശേഷ യോഗത്തിൽ പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടു. കോന്നിയിൽ കെ.ജെ ചെറിയാൻ അവറുകളുടെ വീട്ടിലാണ് താമസിച്ചത്. അന്നു രാത്രി അടുത്ത ദിവസത്തേക്കുള്ള പ്രസംഗം തയ്യാറാക്കാൻ ദൈവസന്നിധിയിൽ ഇരുന്നു. അല്പം കഴിഞ്ഞപ്പോൾ ഒരു വാക്ക് പരിശുദ്ധാത്മാവ് മനസ്സിൽ നല്കി 'ഏബെൻ-എസെർ', വിഷയം അതുതന്നെ എന്ന് തീരുമാനിച്ചു ധ്യാനിക്കാൻ തുടങ്ങി. അപ്പോൾ നടന്നുവന്ന പാതകളെ ദൈവം മുമ്പിൽ വെളിപ്പെടുത്തി. 34 വർഷം പുറകോട്ടുപോയി ജനനം, രോഗങ്ങൾ, ദാരിദ്ര്യം, മാനസികപിരിമുറക്കങ്ങൾ, ആരുമില്ലാതെ പരിദേശിയെപ്പോലെ വീടുവിട്ടുപോയ രംഗങ്ങൾ, നിന്ദ, നിരാശ എല്ലാമെല്ലാം മിന്നിമറഞ്ഞുപോകുന്നു.

ഒടുവിൽ ദീർഘശ്വാസം വിട്ട്, ചിന്തകൾക്ക് കടിഞ്ഞാണിട്ട് മനസ്സിനെ നിയന്ത്രിച്ച് പറഞ്ഞ വാക്കാണ് – ഇത്രത്തോളം യഹോവ സഹായിച്ചു.

അനുഭവങ്ങൾ വാക്കുകളുമായി, വാക്കുകൾ വരികളായി പരിശുദ്ധാത്മാവ് അതിന് ജീവനേകി അജിത്കുമാർ പാടി- ഇത്രത്തോളം യഹോവ സഹായിച്ചു, ഇത്രത്തോളം ദൈവമെന്ന നടത്തി.

സുപ്രസിദ്ധ പിന്നണിഗായകൻ എം.ജി ശ്രീകുമാർ അനേക സ്റ്റേജുകളിൽ പാടി അനേകായിരങ്ങളുടെ ഹൃദയത്തിൽ ആക്കിയ ഒരു ക്രിസ്തീയഗാനം കൂടിയാണിത്. ഒരിക്കൽ മലയാളമനോരമയ്ക്ക് അഭിമുഖം നൽകിയപ്പോൾ ശ്രീകുമാർ പറഞ്ഞത്. ഇത്രത്തോളം യഹോവ സഹായിച്ചു. ഇത്രത്തോളം ദൈവം എന്നെ നടത്തി എന്നാണ്. അത്രയും സ്വാധീനത അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഈ ഗാനത്തിനുണ്ടായിരുന്നു എന്നത് സത്യം.

ജീവിതത്തിൽ മൂല്യങ്ങൾ സൂക്ഷിച്ചും, അത് പാലിച്ചും ജീവിക്കുന്ന അജിത് കുമാർ അനേകഗാനങ്ങൾ രചിച്ചു. അത്ഭുതം യേശുവിൽ നാമമെ, ഞാൻ കാണുമേ എൻ യേശുവിനെ, എൻ പ്രിയൻ എന്റെ സങ്കേതവും ബലവും, തുടങ്ങിയവ അതിൽ ചിലതാണ്.



കവിത

# വേനൽ കാഴ്ചകൾ

പെയ്യാൻ മടിക്കുന്നതെന്താണു മേഘമേ
ഇത്രയും ക്രൂരത കാട്ടിടല്ലേ.....
കഠിനമാം വേനലിലൊരുമഴക്കോളിനായ്
കാത്തുഞാൻ കാലം കഴിച്ചിടുന്നു
വറുതിയുടെ കെടുതിയിൽ കരയുന്ന
പുഴയുടെ കണ്ണുനീർ വറ്റിനിലച്ചുവല്ലൊ
അരുണന്റെ കിരണങ്ങളാവോളമേറ്റ
താഴ്‌വരത്തോപ്പിന്റെ ഭംഗിയുംപോയ്
താമരപൊയ്കയും, തണ്ണീർതടങ്ങളും
രാജിവെച്ചെങ്ങോകടന്നുപോയ്.
സാന്ദ്രസൗഗന്ധം പരത്തുന്നു പൂക്കളി-
സ്സാനുപ്രദേശത്തിലെങ്ങുമില്ല.
കാകനും, കോഴിയും പറവകൾ പലതരം
കിണറിന്റെ പരിസരവാസികളായ്
കോരിവെച്ചങ്ങോട്ടു മാറുന്നമാത്രയിൽ
സ്നാനം കഴിഞ്ഞവർപൊയ്ക്കളയും
പച്ചവൃക്ഷത്തിന്റെ ചില്ലകൾകത്തുന്ന
കൗതുകക്കാഴ്ചകൾ കണ്ടില്ലയൊ
ഭൂമദ്ധ്യരേഖയിൽ പാർക്കും ജനത്തിന്റെ
ഉച്ചിയിൽ ഗന്ധകം പെയ്കയാണോ....
കുന്നിൻമുകളിലെകിണറിന്റെയാഴത്തി-
ലൊരുതുള്ളിവെള്ളവും കൺമതില്ല
ഇല്ലില്ലിവിടെങ്ങുമൊരുതുള്ളി വെള്ളവും
നാളെയെയോർത്തവർ കേണിടുന്നു
ദൂരത്തെയോലിയിൽ കുളിനന കഴിഞ്ഞവർ
തിരികെതിരക്കിട്ടു മണ്ടിടുന്നു
കൂട്ടമരത്തിന്റെ ചില്ലകൾക്കിടയിലൂ-
ടൊരുവലിയ കാർമുകിൽ കാൺകയായി
മഴയുടെ ലാഞ്ചനകാണുന്നു പലവട്ട-
മിടിനാദമൊക്കെയും കേൾപ്പതുണ്ട്
ഉരുളുന്നു നാല്ദിക്കിലാമേഘപടലങ്ങ-
ളൊരിതുള്ളിപോലും പകർന്നിടാതെ
ഇലയിട്ടിരിക്കുന്നയൊരുവന്റെയിലയിലേ-
യ്ക്കന്നം വിളമ്പാതെ പോയതുപോൽ.
ഒരുകുളിർക്കാറ്റിനോടനുബന്ധമായ്‌വന്ന
മഴമുകിൽ പെയ്യാതെപോയ്മറഞ്ഞു
ആകാശക്കിളിവാതിലടയുന്നു കാരണം
മർത്യന്റെ പാപപ്രവർത്തിയത്രേ
ഋതുവിലെപ്രകടമാം മാറ്റങ്ങളൊക്കെയും
വലിയതാം കെടുതിയെച്ചൂണ്ടിടുന്നു
പാപപ്പെരുപ്പത്തിനാഘാതമേറുകിൽ
മാറിടും ഭൂമിയിരുമ്പുതുല്യം
വിസ്താരമായുള്ളൊരാകാശമണ്ഡലം
ചെമ്പിനും തുല്യമായ് മാറുമയ്യോ !
ക്ഷാമഭൂകമ്പവും ക്ഷേമമില്ലായ്മയും
ക്ഷോണിയിൽ ക്ഷിപ്രമായ് വന്നിടുമ്പോൾ
ഗഗനത്തിനപ്പുറത്തായുള്ള ക്രിസ്തന്റെ
ആഗമനത്തിന്റെ കാലമായി



ഷാജി ജോൺ
മൂലയിൽ

Landway Health Tips

## പഴം ആരോഗ്യത്തിനു നല്ലത്

1. ദിവസവും 3 പഴം കഴിച്ചാൽ ഇതിൽ അയേൺ അടങ്ങിയിട്ടുള്ളതുകൊണ്ട് ഹീമോഗ്ലോബിൻ തോത് വർദ്ധിപ്പിക്കാനും അനീമിയ തടയാനും ഇത് നല്ലതാണ്.

2. ഫ്രൂട്സ് ഇഷ്ടമില്ലാത്തവർക്കു പോലും പഴം ഒരു ശീലമായിരിക്കും. പലരും ഇതൊരു ശീലമാ ക്കുന്നതിന്റെ കാരണം നല്ല മലശോധനയ്ക്കു സഹായിക്കുമെന്നതാണ്. ദിവസം ഒന്നല്ല, മൂന്നു പഴം വീതമാകാമെന്നാണ് ആരോഗ്യപഠനങ്ങൾ പറയുന്നത്. ദിവസവും മൂന്നു പഴം വീതം കഴിച്ചാലുള്ള ഗുണങ്ങളെക്കുറിച്ചറിയൂ.

3. ബി പി, പൊട്ടാസ്യം അടങ്ങിയിരിയ്ക്കുന്നതുകൊണ്ടുതന്നെ ബി പി കുറയ്ക്കാനുള്ള നല്ലൊരു വഴിയാണിത്.

4. രക്തം കട്ട പിടിയ്ക്കാനുള്ള സാധ്യത ദിവസവും മൂന്നു പഴം വീതം കഴിയ്ക്കുന്നത് തലച്ചോറിൽ രക്തം കട്ട പിടിയ്ക്കാനുള്ള സാധ്യത കുറയ്ക്കുന്നു.

5. മലശോധനക്കുള്ള നല്ലൊരു സ്വഭാവിക വഴിയാണിത്.

6. വയറിന് മസാലയും എരിവുമെല്ലാം കൂടുതലുള്ള ഭക്ഷണം കഴിച്ചാൽ പഴം കഴിയ്ക്കുക. ഇത് വയറ്റിലെ അസ്വസ്ഥതകളും അസിഡിറ്റിയുമെല്ലാം അകറ്റും.

7. എല്ലുകളുടെ ആരോഗ്യത്തിന് എല്ലുകളുടെ ആരോഗ്യത്തിന് പഴം ഏറെ നല്ലതാണ്. ഇതിലെ പൊട്ടാസ്യം എല്ലുതേയ്മാനം പോലുള്ള പ്രശ്നങ്ങൾ തടയും.








Dr. Austin Raj
Trivandrum

He who dwells in the shelter of the Most High will abide in the shadow of the Almighty. I will say to the Lord, "My refuge and my fortress, My God, in whom I trust" (Psalms.91:1,2).

A well read couple of verses from a widely read Psalms. For some, it is uttered almost every day like Psalm 23, and for some after prayer, like the Lord's prayer.

I have read these verses a few times in the past. Not until a month ago, when I read it with my son Naethen, that it dawned on me a deeper realisation of the nature of God, His amazing grace and everlasting faithfulness! The assurance that He will be the shadow in which I, my family, the church and the believer will abide, provided we take shelter is His dwelling place!

The psalmist, here, talks of a God that is like an enormous rain cloud that covers the parched land, bringing with it much needed rain and water and giving the farmer hope and joy for another season of plenty! or, as a mighty oak in the vast expanse of open land, that provides the weary traveller a place to rest his head. I used to look at one like this in the Stoke Park, right opposite where I lived, as it stood tall and strong. We used to sit beneath this tree and were instantaneously reminded of God's greatness.

There is a condition, however, that is subtle but cannot be overlooked. The assurance assumes a step from man. It is hard to say if it is a 'condition' in the sense of God wanting us to do something for Him to do something for us. Look at it closely and you will find that it is His grace that helps us meet that condition too. We cannot merit ourselves with finding Him, even there we fail. For, it is God that calls out to meet us before the entrance to the Ark.

On Sunday morning, the speaker chose to talk about the Church and what it means to be part of it. He compared the Church to the Ark of Noah. The call was to everyone that heard Noah, the people at large and all of God's creation. I would not be far from the truth if I say NONE WAS SPARED FROM THE GRACE OF GOD, but there were only a handful of takers of that very grace that was meant to rescue them from certain death.

God calls us to walk into His dwelling place, but we are oft caught up with the clutter and His voice goes unheard. We try to find fulfilment in everything but in the One who said in (John 4:13&14). "Everyone who drinks of this water (from the well) will trust again; but whoever drinks of the water that I will give him shall never thirst; but the water that I will give him will become in him a well of water springing upto eternal life". We have the word but not it's revelation. We have read it oft but forgotten it's Author. When tested, we are either circumspect or different that we could indeed entrust ourselves into His care. The Word of God is replete with God calling man into His rest and man conveniently excusing himself. Today, he called you and me into this rest that He alone can give.

Where is the faith that God calls us into? Herbrews 11:6 says, "Without faith, it is impossible to please God!"

2 Timothy 2:14 reveals the incredible nature of God that gives us hope till the very end, "Even though we are faithful. He will remian faithful for he cannot disown himself. His faithfulness endures forever. It is this faithfulness of God to remain true to His word that gives us hope and eternal life.

The Ark of Noah also had another significance. There was only one door to enter or to exit. In the same day, there is only one door to enter or to exit. In the same way, there is only one door to enter the dwelling place of God. Jesus says in John 14:6 : "I am the way, and the truth, and the life; no one comes to the father but through me". Like the thief of the cross that saw in the eyes of Jesus Christ, not a dying soul but the author of life itself, can we see in his eyes, the 'Great I am', and walk into his dwelling place.

Can we say like the psalmist in verse 5, "His faithfulness is our shield and bulwark"? It requires a heart of humility in God and His Being. I admire the psalmist for this understanding of God, as the One who is above all and in whom is the assurance of grace and redemption, no matter what is physical, moral or spiritual state is, for God's faithfulness is his shield and bulwark, under which he take refuge! Amen!



# ഉപേക്ഷിക്കപ്പെടുന്നുവോ വൃദ്ധമാതാപിതാക്കൾ?



**James Koshy George**

നമ്മുടെ നാട്ടിലൊക്കെയുള്ള ഒരു പഴഞ്ചൊല്ല് ഇപ്രകാരം പറയുന്നു. 'ആവുന്നകാലത്ത് തൈ പത്തുവച്ചാൽ ആപത്ത് കാലത്ത് കാ പത്ത് പറിക്കാം'. വളരെ ശ്രദ്ധയോടും കഠിനാധ്വാനം ചെയ്തും നട്ടുവളർത്തിയ ഫലവൃക്ഷത്തിൽ നിന്നും അഥവാ ആ വൃക്ഷത്തിൽ നിന്നും ഓരോ ഫലങ്ങളും പറിച്ചെടുത്ത് ഉപയോഗപ്പെടുത്തുമ്പോഴും ആ തോട്ടക്കാരന്റെ മനസ്സ് കുളിരണിയുന്നു. തന്റെ കഴിഞ്ഞ നാളുകളിലെ കഠിനാദ്ധ്വാന നിമിഷങ്ങൾ മറക്കുന്നു. ആവുന്ന കാലത്ത് കഠിനാധ്വാനം ചെയ്ത് നട്ടുവളർത്തിയാൽ ആപത്ത് കാലത്ത് അതിൽക്കൂടി ആശ്വാസം ലഭിക്കും എന്നുള്ള ചിന്തയാണ് ഓരോ തോട്ടക്കാരനുമുള്ളത്. ദൈവത്തിന്റെ സ്വന്തം നാടെന്നു വിശേഷിപ്പിക്കുന്ന ഈ നമ്മുടെ കൊച്ചു കേരളത്തിന്റെ മുക്കിലും മൂലയിലും വൃദ്ധസദനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് ദുഃഖ കരമായോരു യാഥാർത്ഥ്യമാണ്. ക്രിസ്തീയ ഭവനങ്ങളിൽ നിന്നുപോലും വൃദ്ധരായ മാതാപിതാക്കന്മാർ പുറത്താക്കപ്പെടുന്നു എന്നുള്ളതാണ് ഏറ്റവും നീചമായ കാര്യം. Help Age India എന്ന് വൃദ്ധരെ സഹായിക്കുന്ന സംഘടന നടത്തിയ പഠനത്തിൽ കേരളത്തിൽ വൃദ്ധസദനങ്ങൾ കൂൺ വളർച്ചപോലെയാണെന്നു പറയുന്നു. 2000 – ൽ എണ്ണത്തിൽ 150 ആയിരിക്കുന്ന വൃദ്ധസദനങ്ങളുടെ സംഖ്യ ഇപ്പോൾ മുന്നൂറോളം കേരളത്തിൽ മാത്രം ഉണ്ടെന്നാണ് കണക്ക്. നല്ല കുടുംബത്തിൽ പിറന്ന വിദ്യാ സമ്പന്നരായ മഹാന്മാർപോലും തങ്ങളുടെ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ആക്കുവാൻ നിർബന്ധിതരാക്കുന്നു. "God's Own Country" എന്ന പേര് ഇനി ''Old's Own Country" എന്നായി ത്തീരുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സംസ്കാരവും, പൈതൃകവും, അതിന്റെ മൂല്യങ്ങളും മറ്റ് പാശ്ചാത്യ ലോകത്തിൽ നിന്നും വളരെ വ്യത്യസ്തത ഉണ്ടായിരുന്നു. എന്നാൽ ആ പാശ്ചാത്യ സംസ്കാരം ഇപ്പോൾ നമ്മുടെ നാട്ടിലും ഇടം പിടിച്ചോ എന്ന് തോന്നിപ്പോകുന്നു. പഠനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയുമൊക്കെ തെളിയിക്കപ്പെട്ടിരിക്കുന്നത് വൃദ്ധരായവർ തങ്ങളുടെ മക്കളാൽ നിരസിക്കപ്പെടുവാനുള്ള അതിപ്രധാനമായ കാരണം സ്വാർത്ഥമനോഭാവമുള്ളതിനാലാണ്. സ്വാർത്ഥതവെടിഞ്ഞ് നല്ല ഹൃദയത്തിന്റെ ഉടമകൾക്ക് മാത്രമേ അന്ത്യം വരെയും യഥാർത്ഥസ്നേഹം നിലനിർത്താൻ പറ്റുകയുള്ളൂ. കൂട്ടുകുടുംബ സംസ്ക്കാരം മാറി അണുകുടുംബ സംസ്ക്കാരം ഫാഷനായിത്തുടങ്ങിയതോടെയാകാം മാതാപിതാക്കൾ ഔട്ട് ആയി തുടങ്ങിയതെന്ന് ചിന്തിക്കുന്നതിലും തെറ്റില്ല. 'ഓൾഡ് ഈസ് ഗോൾഡ്' എന്ന ചൊല്ലുമാറ്റി 'ഓൾഡ് ഈസ് കോൾഡ്' എന്ന് ചൊല്ലുന്ന ന്യൂജനറേഷൻ തലമുറകളെയും നമുക്ക് കാണാൻ കഴിയും. മാതാപിതാക്കൾ വൃദ്ധസദനങ്ങളിൽ വന്നു ചേരുന്നതിനുള്ള പ്രധാന കാരണങ്ങൾ ചില നിരീക്ഷകരുടെ വിലയിരുത്തലിൽ ഇപ്രകാരമാണ്.

1 നോക്കുവാൻ വീട്ടിൽ ആരും ഇല്ലാത്തതുകൊണ്ട്,

2 മക്കൾ വിദേശങ്ങളിലായതുകൊണ്ട്,

**യേശു തന്റെ അമ്മയെ നോക്കുവാനല്ല ഈ ഭൂമിയിൽ അവതരിച്ചതെന്ന് നമുക്കറിയാം. യേശു ഈ ഭൂമിയിൽ ജനിച്ചത് പാപികൾക്കായ് മരിക്കുവാനായിരുന്നു. ദൈവീക ദൗത്യം നിവൃത്തിക്കുവനായിരുന്നു. എന്നിട്ടും 9 മാസം തന്നെ ചുമന്ന ഉദരത്തെ മറന്നില്ല, തന്നെ വളർത്തിയ അമ്മയെ ഒരു സുരക്ഷിത കൈകളിൽ ഏൽപ്പിച്ചുകൊണ്ടാണ് ആ ദൈവീക ദൗത്യം പൂർത്തീകരിച്ചത്.**

3 മക്കളുമായിട്ടുള്ള പ്രശ്നങ്ങൾ നിമിത്തം,

4 മരുമക്കൾ കാരണം പ്രശ്നത്തിലായവർ,

5 സ്വന്തം ഇഷ്ടപ്രകാരം തിരഞ്ഞെടുത്തവർ.

ഇതിൽ തങ്ങളുടെ മരുമകൾ കാരണമാണ് കൂടുതൽപേരും വൃദ്ധസദനങ്ങളിൽ അഭയം പ്രാപിച്ചിരിക്കുന്നത് എന്നാണ് പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. ബൈബിളിൽ നവോമിയുടെ മരുമകൾ രൂത്ത് എന്ന മോവാബിയ സ്ത്രീയെ ഇവിടെ സ്മരിക്കുന്നു! മരണത്തിന്റെ കരിനിഴലുകൾ അനാഥമാക്കിയ ആ കുടുംബത്തിൽ പ്രത്യാശയുടെ കിരണങ്ങൾ വീശിയത് ഈ നല്ല മരുമകൾ രൂത്ത് കാരണമായിരുന്നു. പുതിയ നിയമത്തിൽ യോഹന്നാന്റെ സുവിശേഷം 19 : 26, 27 വാക്യങ്ങളിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്. യേശു കർത്താവ് തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നത് കണ്ടിട്ട് സ്ത്രീയേ, ഇതാ നിന്റെ മകൻ എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട് ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴിക മുതൽ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു. ഇവിടെ നാം മനസ്സിലാക്കുന്നത്, തന്നെ ഉദരത്തിൽ വഹിച്ചതും, ഈ ഭൂമിയിൽ തനിക്കു ജന്മം നൽകി വളർത്തിയതുമായ തന്റെ അമ്മയോടുള്ള യേശുവിന്റെ ആഴമായ സ്നേഹവും, കടപ്പാടും, കരുതലുമാണ്. യേശു ക്രൂശിൽപ്പിടയുമ്പോഴും, ആ മാതാവിന്റെ ഹൃദയമിടിപ്പ് പറഞ്ഞറിയിക്കാൻ പററാത്തവിധമായിരുന്നു എന്നതാണ് വാസ്തവം. യേശു കർത്താവിന്റെ ദാരുണമായ ക്രൂശ് മരണം ഈ മാതാവിനെ വളരെ വേദനപ്പെടുത്തിക്കാണും. പ്രത്യേകമായി നാം ഇവിടെ അറിയേണ്ടത് യേശു ക്രൂശിൽ വേദനപ്പെടുമ്പോഴും തന്റെ മാതാവിനെ ശ്രദ്ധിച്ചിരുന്നു. പക്ഷേ ഇന്നത്തെ തലമുറ സകല സുഖങ്ങളും ആസ്വദിക്കുമ്പോഴും അവരെ ജനിപ്പിച്ചുവളർത്തി വലുതാക്കിയ മാതാപിതാക്കളെ മറന്നുപോകുന്നു. യേശുവിന് മറ്റനേകം സഹോദരന്മാരും സഹോദരിമാരും ഉണ്ടായിരുന്നല്ലോ (മത്തായി 13: 55, 56). എന്നിട്ടും എന്തുകൊണ്ട് തന്റെ അമ്മയെ യോഹന്നാൻ എന്ന ശിഷ്യനെ ഏൽപ്പിച്ചു? വീട്ടിലുള്ള മറ്റ് സഹോദരങ്ങളുടെ കൈയിൽ എന്തുകൊണ്ട് തന്റെ അമ്മയെ ഏൽപ്പിച്ചില്ല? യേശു ക്രൂശിൽക്കിടന്നു കൊണ്ട് യോഹന്നാനോട് ഇതാ നിന്റെ അമ്മ എന്നു പറയുമ്പോൾ യോഹന്നാന്റെ സ്വന്തം അമ്മയും ആ ക്രൂശിന്റെ ചുവട്ടിൽ നിൽക്കുന്നുണ്ടായിരുന്നു എന്നു നാം വായിക്കുന്നു (മത്തായി 27:56). ഒരേ സമയം രണ്ട് അമ്മമാരെയും നോക്കുവാനുള്ള ഉത്തരവാദിത്വം ആ ശിഷ്യന് കൊടുക്കുകയായിരുന്നോ? യോഹന്നാന് എങ്ങനെ രണ്ടു അമ്മമാരെയും ഒരുപോലെ നോക്കുവാൻ കഴിഞ്ഞുകാണും. ഇന്നത്തെ തലമുറ സ്വന്തം മാതാപിതാക്കളെപ്പോലും നോക്കുവാൻ കഴിയാതെ അവരെ വൃദ്ധസദനങ്ങളിൽ കൊണ്ടാക്കുന്നു. യേശു തന്റെ മാതാവിനെ യോഹന്നാന്റെ കൈയിൽ മാത്രം ഏൽപ്പിക്കുവാൻ മതിയായകാരണമുണ്ട്. യേശു യോഹന്നാനിൽ ദൈവ സ്നേഹം കണ്ടു. ആ ക്രൂശിന്റെ ചുവട്ടിൽ നിന്നും മാറാതെ യേശു പറഞ്ഞ അവസാന വാക്ക് 'എല്ലാം നിവൃത്തിയായെന്ന്' വളരെ വ്യക്തമായി കേട്ടത് യോഹന്നാനാണ്. മറ്റെല്ലാ ശിഷ്യന്മാരും അവസാന നിമിഷം ചിതറി ഓടിയപ്പോഴും യോഹന്നാൻ മാത്രമായിരുന്നു ക്രൂശിന്റെ ചുവട്ടിൽ. ഇങ്ങനെ ത്യാഗമായ സ്നേഹമുള്ളവന്റെ കയ്യിൽ തന്റെ അമ്മയെ ഏൽപ്പിച്ചാൽ അന്ത്യം വരെയും ആത്മാർത്ഥമായി നോക്കുമെന്ന് യേശു അറിഞ്ഞിരുന്നു. ത്വക്ക് ചുളുങ്ങിയാലും, ചോരയും നീരുമില്ലെങ്കിലും ജോലിയൊന്നും എടുക്കാൻ ത്രാണിയില്ലെങ്കിലും തന്റെ അമ്മയെ യോഹന്നാൻ സംരക്ഷിച്ചുകൊള്ളുമെന്ന് യേശു വ്യക്തമായി മനസ്സിലാക്കിയിരുന്നു. ത്യാഗപരമായ സ്നേഹമുണ്ടെങ്കിൽ എല്ലാം സാധ്യമാണ് എന്ന് ഇവിടെ തെളിയിക്കപ്പെട്ടിരിക്കുന്നു. അത് ഈ സ്നേഹത്തിന്റെ അപ്പോസ്തോലനിൽ യേശു കണ്ടു.

അതുകൊണ്ടാണ് സ്വന്തം സഹോദരങ്ങളെ ഏൽപ്പിക്കാതെ യേശു തന്റെ അമ്മയെ യോഹന്നാന്റെ കയ്യിൽ ഏൽപ്പിക്കാൻ കാരണം. മറ്റൊന്നുകൂടി ഇവിടെ പ്രാധാന്യമായി ചിന്തിക്കേണ്ടതുണ്ട് യേശു ആദ്യം മാതാവിനോടാണ് പറഞ്ഞത് 'സ്ത്രീയേ ഇതാ നിന്റെ മകൻ' മറിയ യോഹന്നാനെ മകനെപ്പോലെ സ്വീകരിച്ചെങ്കിൽ മാത്രമേ ആ ബന്ധത്തിന് ഉലച്ചിൽ സംഭവിക്കാതിരിക്കൂ!!! എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. രണ്ടു പേരുടെയും മനസ്സിന്റെ നിലവാരം ഇവിടെ പ്രാധാന്യം അർഹിക്കുന്നു. രണ്ടുപേരും അവരവരുടെ സ്ഥാനങ്ങളിൽ നിൽക്കുമ്പോഴാണ് സ്നേഹത്തിന്റെ പൂർണ്ണത വെളിപ്പെടുന്നത്, അപ്പോഴാണ് ബന്ധങ്ങളിൽ സ്നേഹം വെളിപ്പെടുന്നത്. ഇന്ന് തീർത്തും ദയനീയമായ കാര്യങ്ങളാണ് പല പ്രായമായ മാതാപിതാക്കളിൽ നിന്നും കേൾക്കുവാൻ കഴിയുന്നത്. ഏകാന്തതയിലും മനോഭാരങ്ങളാലും പല മാതാപിതാക്കന്മാരും വൃദ്ധസദനങ്ങളിൽ അവരുടെ ജീവിതം അവസാനിപ്പിക്കുന്നു. യഹോവയായ ദൈവം ഇസ്രായേൽ മക്കളെപ്പറ്റി പറഞ്ഞിരിക്കുന്നതു പോലെയാണ് ഇന്ന് തങ്ങളുടെ മക്കളാൽ ഉപേക്ഷിക്കപ്പെട്ട് വൃദ്ധസദനങ്ങളിൽ പ്പാർക്കുന്നവർ പറയുന്നത്. 'ഞാൻ മക്കളെ പോറ്റിവളർത്തി അവരോ എന്നോട് മത്സരിച്ചിരിക്കുന്നു' ആ ആഴമായ നെടുവീർപ്പുകളോടെയാണ് പലരും വൃദ്ധസദനങ്ങളിൽ കഴിയുന്നത് എന്നു പറയുന്നതിൽ ഒരു തെറ്റുമില്ല. യേശുവും തന്റെ അമ്മയെ മറ്റൊരാളെ ഏൽപ്പിച്ചുവല്ലോ അതുകൊണ്ട് മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ കൊണ്ടാക്കിയാലും കുഴപ്പമില്ലാ എന്നു ചിന്തിക്കുന്നവർ കാണും.

യേശു തന്റെ അമ്മയെ നോക്കുവാനല്ല ഈ ഭൂമിയിൽ അവതരിച്ചതെന്ന് നമുക്കറിയാം. യേശു ഈ ഭൂമിയിൽ ജനിച്ചത് പാപികൾക്കായ് മരിക്കുവാനായിരുന്നു. ദൈവീക ദൗത്യം നിവൃത്തിക്കുവനായിരുന്നു. എന്നിട്ടും 9 മാസം തന്നെ ചുമന്ന ഉദരത്തെ മറന്നില്ല, തന്നെ വളർത്തിയ അമ്മയെ ഒരു സുരക്ഷിത കൈകളിൽ ഏൽപ്പിച്ചുകൊണ്ടാണ് ആ ദൈവീക ദൗത്യം പൂർത്തീകരിച്ചത്. ഈ യേശുവാകട്ടെ നമ്മുടെ മാതൃക. എത്ര വലിയ ദൗത്യമുള്ളവരായാലും, തിരക്കു ള്ളവരായാലും മാതാപിതാക്കളെ ഓർക്കുന്ന, അവരോടൊപ്പം സമയം പങ്കിടുന്ന നല്ല മനസ്സിന്റെ ഉടമകളായി തീരാം. 'നിന്നെ ജനിപ്പിച്ച അപ്പന്റെ വാക്കു കേൾക്ക : നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്' (Prov 23: 22).

## ബൈബിൾ ക്വിസ് – ഏപ്രിൽ 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം ഐ.പി.സി. ഹെബ്രോൻ ചർച്ച്, പന്തളം, രണ്ടാം സമ്മാനം: പാസ്റ്റർ സി. ജോണും കുടുംബവും, ന്യൂഡൽഹി**

**ഏപ്രിൽ 2016 വിലാപങ്ങളുടെ പുസ്തകത്തിൽ നിന്നും ക്രമീകരിച്ചിരിക്കുന്നു**

1. മിണ്ടാതെ നിലത്തിരിക്കുന്നത് ആര്?
2. പല്ലുതകർക്കാൻ ഉപയോഗിച്ച വസ്തു ഏത്?
3. സർവ്വമഹീതലമോദം എന്ന് വിളിച്ചുവന്ന നഗരത്തിന്റെ മറ്റൊരു പേര് എന്ത്?
4. എന്തിന് വേണ്ടി കാത്തിരിക്കുന്നതാണ് നല്ലത്?
5. കുപ്പകളെ ആലിംഗനം ചെയ്തതാര്?
6. ഊസ് ദേശത്ത് പാർക്കുന്നത് ആര്?
7. സന്തതിനാശം വരുത്തുന്നത് എന്ത്?
8. വിശുദ്ധമന്ദിരത്തിൽ കടന്നത് ആര്?
9. തിരികല്ല് ചുമക്കുന്നുത് ആര്?
10. ഇടവിടാതെ പൊഴിക്കുന്നത് എന്ത്?

- **2016 മാർച്ച് മാസത്തിലെ ശരിയുത്തരങ്ങൾ**

1. യിരമ്യാവ് (37:16), 2. ഗെദല്ല്യാവ് (40:5), 3. യെഹൂദി (36:21), 4. യിശ്മായേൽ (41:7), 5. ആകാശരാജ്ഞിയെ (44:17), 6. ഗിലെയാദ് (46:11), 7. ഫറവോന് (46:17), 8. മോവാബ് നിവാസികളോട് (48:28), 9. 21 വയസ്സായിരുന്നു (52:1), 10. എവിൽ – മേരാദക് (52:31)

- **നറുക്കടുപ്പിലൂടെ സമ്മാനം ലഭിച്ചത്:**

*ഒന്നാം സമ്മാനം* – Jeswin Samuel, AG Church, Mepral P.O, Thiruvalla, Pin 689 591
*രണ്ടാം സമ്മാനം* – Shyni Udayakumar, Karakkattu Parampil, Kumarapuram P.O, Pallikkara, Ernakulam, Pin - 683 565.

- **ശരി ഉത്തരം അയച്ചവർ**

1). Manu bay, Baby Villa, Kattodu, Thiruvalla. 2). Jose George, Kanjiratthinkalayil, Pannimattom P.O. 3). Reeba Rani, Mannil Thekkethil, Peerummeedu. 4). Joel C, Remyalayam, Kalluvettam-kuzhy, Nedumangadu. 5). Georgekutty, Bhagavathipuram, Kunnamkonam, Nellimoodu P.O, Kanjitramkulam. 6). Raju K. V, Pushpalayam, Vallikkunnuvilakam, Nedumangadu P.O. 7). Robert Sam, Sam Sadanam, Uriyakodu P.O, Nedumangadu. 8). Pappy Mangalatthil Sadu Sadanam, K. V. Puram, Kottamam, 9). Rini Jens, Kallurethu, Kattanam P.O, KayamKulam. 10). Babu John, Kavinte Vadakkethil, S.L. Puram, Cherthala. 11). Rajeev George, Panchayil, Pooyappally. 12). Shyni J.L, Shyni Mandiram, Ponaikkadu, Chemboor, Thiruvananthapuram. 13). Shaja Binu IPC, Carmel Hall, Neeleshwer P.O, Kasargod. 14). Reena S. Thoppil Veedu, Thirupuram P.O, Neyyattinkkara. 15). Sici Joseph, AG Church, Vadattupaara P.O, Kothamangalam.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

LANDWAY — Bringing You Closer to God

# LANDWAY NEWS

Published From Pathanamthitta
Volume No. 2, Issue No.4 | Pages 8 | Price: Rs. 10/-

10 APRIL 2016

Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com

RNI-KERBIL/2015/62054.
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/04/2016

HARVEST INTERNATIONAL CHURCH

Partnering with City Reach. Philadelphia PA USA

Worships in Indian languages and English Service

Worship Timings:
SUNDAY MEETING: 11.00 AM TO 1.00 PM
COTTAGE MEETINGS: TUESDAY & FRIDAY 6.30PM - 8.00PM

Come and worship with us

Address:
808 Redlion Rd, Philadelphia PA 19115
Pastor Mathew James
Cell : +1 267 400 6334
Email: harvestphil@gmail.com




PHILADELPHIA FELLOWSHIP CHURCH
LONDON, ONTARIO, CANADA

OUR VISION: CONNECTING WITH GOD AND CONNECTING WITH PEOPLE.

Our church helps new immigrants settle in the beautiful city of London, Canada.

We have services in English, Malayalam and Hindi

weekly programmes
Worship Service: 10:30 a.m. – 12:30 p.m.
Sunday School: 9:45 a.m. – 10:30 a.m.
Tuesday Prayer Meeting: 7:30 p.m.
Friday meeting: 7:30 p.m.
Youth Meeting:
Alternate Saturdays: 6:00 p.m.



Pastor Joy Punnoose
(519) 266-4671 or (226) 224-4500
Email: joypunnoose@usa.net
Web:www.philadelphiachurchlondon.com

## സഹോദരിമാർക്ക് ബൈബിൾ കോളേജ്

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് വിമൻസ് മിഷനറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കടമ്പനാട് പ്രവർത്തിച്ചുവരുന്ന അവധിക്കാല ബൈബിൾ പഠന ശാലയായ പ്രിസ്ക്കില്ലാ ബൈബിൾ കോളജ് ഒരു പൂർണ്ണസമയ ലേഡീസ് ബൈബിൾ കോളേജായി ഉയർത്തുവാൻ തീരുമാനിച്ചു. ഈ അദ്ധ്യായന വർഷംമുതൽ സർട്ടിഫിക്കറ്റ് ഇൻ ക്രിസ്ത്യൻ സ്റ്റഡിസ്, ഡിപ്ലോമ ഇൻ ക്രസ്ത്യൻ തിയോളജി എന്നീ കോഴ്സുകൾ ആരംഭിക്കും. സർട്ടിഫിക്കറ്റ് ഇൻ ക്രിസ്ത്യൻ സ്റ്റഡിസ് രണ്ടുമാസം ദൈർഘ്യമുള്ള ഹൃസ്വകാല കോഴ്സ് മാർച്ച് 30-ന് ആരംഭിക്കും. ഡിപ്ലോമ ഇൻ ക്രസ്ത്യൻ തിയോളജി എന്ന ദ്വിവൽസര കോഴ്സ് മെയ് 30-ന് ആരംഭിക്കും. അടൂർ-കടമ്പനാട് റൂട്ടിൽ തുവയൂർ ജംഗ്ഷനു സമീപമുള്ള സ്നേഹ ഭവനത്തിലാണ് പ്രിസ്ക്കില്ലാ ബൈബിൾ കോളജ് പ്രവർത്തിച്ചുവരുന്നത്.

## നിത്യതയിൽ



കൈപ്പട്ടൂർ: കൈപ്പട്ടൂർ തുണ്ടിയിൽ തങ്കമ്മസ്ക്കറിയയുടെ മകൻ സോജൻ (39) ഡൽഹിയിൽ വച്ച് പെട്ടെന്നുണ്ടായ ശരീരിക അസ്വസ്ഥതയെ തുടർന്ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഐപിസി ഡൽഹി സ്റ്റേറ്റിൽ പിവൈപിഎ യുടെ സജീവ പ്രവർത്തകനും തികഞ്ഞ ആത്മീയനുമായിരുന്നു. കുടുംബമായി ഡൽഹിയിൽ പാർത്ത് ജോലി ചെയ്തുവരുമ്പോഴാണ് അത്യാഹിതം സംഭവിച്ചത്. ഡൽഹിയിൽ നിന്നും സ്വദേശത്ത് കൈപ്പട്ടൂർ ഐപിസിയുടെ നേതൃത്വത്തിൽ ശവസംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു. മാതാവ്: തങ്കമ്മ സ്ക്കറിയ., സഹോദരങ്ങൾ: പൊന്നമ്മ, റോസമ്മ, കുഞ്ഞമ്മ, ഓമന, ശോഭന. ഭാര്യ: മനു സോജൻ, മക്കൾ: സ്നേഹ, അബിയ

ദീർനാളുകളായി ദൈവത്തെ സ്നേഹിച്ചും മാനിച്ചും പോകുന്ന കുടുംബമാണ് തുണ്ടിയിൽ കുടുംബം. എല്ലാവരും വിശ്വാസത്തിലും സത്യസുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കുന്നവരുമാണ്. ഐപിസി കൈപ്പട്ടൂർ ഗോസ്പൽ സെന്ററിലെ സജീവ അംഗങ്ങളുമാണ്.

With best compliments from
DIVINE TRAVELS
102, New four story, Vishal Enclave, Opp- Rajouri Garden Police Station, Tagore Garden, New Delhi-110027
Ph: 011-25195343/09810863352/09810485352/09910045352,
Email: csanju1975@yahoo.co.in, aaronsanju@gmail.com

AIR TICKTES ( DOMESTIC & INTERNATIONAL (24HRS SERVICE)
PASSPORT (FRESH & RENEWAL)
VISA ASSISTANCE
TRAIN TICKETS BOOKING
CURRANCY CHANGER ( DOLLAR SALE/ PURCHASE ON AMERICAN EXPRESS BANK RATES)



ട്രെയിൻ, വിമാന, ടിക്കറ്റുകൾ ബുക്ക്ചെയ്യുന്നതിനും, പുതിയ പാസ്പ്പോർട്ട് എടുക്കുന്നതിനും, പഴയ പാസ്പ്പോർട്ട് പുതുക്കുന്നതിനും, വിസാ സംബന്ധമായ കാര്യങ്ങൾക്കും സമീപിക്കുക.

AUTHOR AND FINISHER WORSHIP CENTRE, PUNALUR
ഒരുക്കുന്ന
ആരാധനയും വിടുതൽ ശുശ്രൂഷയും
എല്ലാ ഞായറാഴ്ചയും വ്യാഴാഴ്ചയും
രാവിലെ 10:30 മുതൽ 1 മണി വരെ
YMCA ഹാൾ, ചെമ്മന്തൂർ, പുനലൂർ



പാസ്റ്റർ ജോഷി വർഗ്ഗീസ്
ദൈവവചനം ശുശ്രൂഷിക്കുന്നു
ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക്:
Prayer Line: 9605061422, Office No. 9744674066
www.authorandfinisherministries.org
എല്ലാ ബുധനാഴ്ചയും രാവിലെ 7.30 മുതൽ 8 വരെ പവർവിഷൻ ചാനലിലും
എല്ലാ ചൊവ്വാഴ്ചയും രാവിലെ 11.30 മുതൽ 12.00 വരെ ഹാർവെസ്റ്റ് ടിവിയിലും
പാസ്റ്റർ ജോഷി വർഗീസ് ദൈവവചനം പ്രസംഗിക്കുന്നു.

### ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.

*Office Address*
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOINN55

സുവിശേഷം പറയുവാൻ ഞങ്ങൾ തയ്യാർ!

ഗ്രെയ്സ് മിനിസ്ട്രി എന്ന നാമകരണത്തിൽ എല്ലാ ആഴ്ചകളിലും 50 ൽ പരം ദൈവദാസന്മാരും ദൈവമക്കളും വെള്ളവസ്ത്രം ധരിച്ചു കൊണ്ട് സഭാവ്യത്യാസമില്ലാതെ കേരളത്തിന്റെ തെരുവ് കോണുകളിലും ഗ്രാമപ്രദേശങ്ങളിലും സ്വമേധയാ സുവിശേഷപ്രവർത്തനം നടത്തിവരുന്നു. നിങ്ങളുടെ സഭയിലോ ദേശത്തിലോ സുവിശേഷം ഞങ്ങൾ അറിയിക്കണമെങ്കിൽ ഞങ്ങൾ അതിന് തയ്യാർ.
ദയവായി ബന്ധപ്പെടുക:

പൊന്നായ്മറ്റം കുഞ്ഞുമോൻ,
പുത്തൻ കണ്ടത്തിൽ, എസ്.എൻ.പുരം പി. ഒ.,
പാമ്പാടി, കോട്ടയം ജില്ല,
ഫോൺ: 9446923615

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.